നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# ചിത്രം കേസിന്നതീതം



പ്രഗത്ഭ ചിത്രകാരനായ എം.എഫ്. ഹുസൈനിന്നെതിരെ ഫയൽ ചെയ്തിരുന്ന കേസുകളെല്ലാം ദൽഹി ഹൈക്കോടതി തള്ളി. ചിത്രങ്ങൾ ക്രിമിനൽ കേസിന്നതീതമാണെന്ന് കോടതി വിധിച്ചു.

134

ജൂൺ 2008

# എല്ലാം തികഞ്ഞൊരു ജഡ്ജി



ജ: സിംഹ

**ജ**. ജഗന്മോഹൻ ലാൽ സിംഹയെക്കുറിച്ച് ഇന്ത്യയിൽ അധികം പേർക്കൊന്നും അറിവുണ്ടാകാനിടയില്ല. ഇന്നത്തെ ജഡ്ജിമാരെപ്പോലെ ഒരുവിധ താൻപ്രമാണിത്തവും അദ്ദേഹം കാണിച്ചിട്ടില്ല. നിയമവ്യാഖ്യാനത്തിൽ ആളും തരവും നോക്കി വെള്ളം കൂട്ടുകയോ കാർക്കശ്യമേറ്റുകയോ അദ്ദേഹം ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അദ്ദേഹം സ്തുതിക്കപ്പെടുകയും ചെയ്തില്ല. കഴിഞ്ഞ മാർച്ച് 20നുണ്ടായ അദ്ദേഹത്തിന്റെ മരണം ഒരു വാർത്തപോലുമായില്ല.

പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 1951 ലെ തിരഞ്ഞെടുപ്പു നിയമപ്രകാരം രണ്ടു കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്ന് 1975 ജൂൺ 12ന് വിധിച്ചത് അല്ലാഹാബാദ് ഹൈക്കോടതി ജഡ്ജി ജ. സിംഹയായിരുന്നു. ആ ധൈര്യത്തെ അഭിനന്ദിച്ചവർ അപൂർവ്വമാണ്. സ്ഥാനമോഹം മുൻനിർത്തി വിധിയെഴുതിയ ജഡ്ജിമാർ അക്കാലത്തു ഹൈക്കോടതികളിലെന്നല്ല സുപ്രീം കോടതിയിൽ പോലും ഉണ്ടായിരുന്നുവെന്ന് നമുക്കിന്നറിയാം. അതിൽനിന്നെല്ലാം വ്യത്യസ്തനായിരുന്നു ജ. സിംഹ.

ഇന്ദിരാഗാന്ധിക്കെതിരായ തിരഞ്ഞെടുപ്പു ഹർജി സമർപ്പിച്ചത് സോഷ്യലിസ്റ്റ് നേതാവായ രാജനാരായണനായിരുന്നു. രാജനാരായണന്റെ അഭിഭാഷകനാകട്ടെ പ്രത്ഗനായ ശാന്തി ഭൂഷണനുമായിരുന്നു. അക്കാലത്തെ ചില സംഭവങ്ങൾ ശാന്തി ഭൂഷൺ ഈയിടെ ഒരു അനുസ്മരണ ലേഖനത്തിൽ വിവരിക്കുകയുണ്ടായി. അതിലദ്ദേഹം ഇങ്ങനെ പറയുന്നു.:

അല്ലാഹാബാദ് ഹൈക്കോടതിയിൽ കേസ് വിസ്താരം നടന്നുകൊണ്ടിരിക്കെ ഒരു ദിവസം ചീഫ് ജസ്റ്റീസ് ഡി.എസ്. മാഥുർ ജ. സിംഹയെ വീട്ടിൽ ചെന്നുകണ്ടു. (പ്രധാനമന്ത്രിയുടെ ഡോക്ടറുടെ ഒരു ബന്ധുവായിരുന്നു അദ്ദേഹം.) ജ. സിംഹയെ സുപ്രീം കോടതിയിലെ ജഡ്ജിയായി നിയമിക്കുന്നതിന്ന് പരിഗണിച്ചുവരുന്നുണ്ടെന്നും കേസിന്റെ വിധി പ്രഖ്യാപിച്ചാലുടൻ നിയമനം നടക്കുമെന്നും പറഞ്ഞു. പക്ഷെ സിംഹ മൗനം പാലിച്ചതേയുള്ളൂ. അടിയന്തിരാവസ്ഥക്കുശേഷം അധികാരത്തിൽവന്ന ജനതാഗവർമ്മേണ്ടിൽ നിയമമന്ത്രിയായിരുന്നത് ശാന്തിഭൂഷണനാണ്. ജ. സിംഹയെ ഹിമാചൽപ്രദേശ് ഹൈക്കോടതിയിലേക്ക് മാറ്റി നിയമിക്കാമെന്ന ഗവർമ്മേണ്ടിന്റെ ഓഫർ ജ. സിംഹ നിരസിക്കുകയാണുണ്ടായത്. ഹിമാചലപ്രദേശിൽ സ്ഥാനമേറ്റിരുന്നുവെങ്കിൽ, അടുത്ത പ്രമോഷൻ ചീഫ് ജസ്റ്റീസായിട്ടാകുമായിരുന്നു. ❑

ജനനീതി

ജൂൺ 2008
134

പത്രാധിപർ:
**ടി.വി. അച്യുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# വിവരാവകാശവും ജഡ്ജിമാരും ജനാധിപത്യവും

നാടുവാഴിത്തമനോഭാവം മനസ്സിൽ ആണ്ടിറങ്ങിയതു കൊണ്ടാകാം താനൊഴിച്ചെല്ലാവരും നിയമം പാലിക്കണമെന്ന് ഇന്ത്യക്കാർ കരുതുന്നു. പണ്ട് അല്ലാഹാബാദ് ഹൈക്കോടതി ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് അസാധുവാക്കിയപ്പോൾ, അത് സാധുവാക്കാൻ ഭരണഘടനതന്നെ ഭേദഗതി ചെയ്തത് നാം കണ്ടതാണ്. നമ്മുടെ മന്ത്രിമാരും എം.എൽ.എ.മാരും പഞ്ചായത്ത് പ്രസിഡണ്ടുമാരുമെല്ലാം, അവർക്കധികാരമുണ്ടായിരുന്നുവെങ്കിൽ, ഇതുതന്നെചെയ്യുമായിരുന്നു. അഞ്ചുകൊല്ലംമുമ്പ് കേരളത്തിൽ നടപ്പാക്കിയ നാട്ടാന പരിപാലന നിയമം തങ്ങൾക്ക് അസൗകര്യപ്രദമാണെന്നു കണ്ടപ്പോൾ, തൃശൂർക്കാർ കോടതിയിൽപോയി ഇളവനുവദിപ്പിച്ചത് ഈയിടെയാണല്ലൊ.

ഇന്ത്യയിൽ മൂന്നുകൊല്ലമായി ഒരു വിവരാവകാശനിയമം പ്രാബല്യത്തിലുണ്ട്. ഈ നിയമത്തിന്റെ പരിധിയിൽനിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് എല്ലാ അധികാരി കളും ആഗ്രഹിക്കുന്നു. കേന്ദ്രഗവർമ്മേണ്ടിന്റെ പേഴ്സനെൽ വകുപ്പ് അതിന്ന് തനതായ നിയമംതന്നെ ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോഴിതാ ഇന്ത്യൻ ചീഫ്ജസ്റ്റീസ്തന്നെ പറയുന്നു, താൻ ഈ നിയമത്തിന്നതീതമാണെന്ന്! തന്റേത് ഒരു വ്യവസ്ഥാപിത പദവിയാണെന്ന് അദ്ദേഹം അതിന്ന് ന്യായം പറയുന്നു.

ശരിയാണ് ഇന്ത്യൻ ഭരണഘടന പ്രകാരം ചില വ്യവസ്ഥാപിത പദവികളുണ്ട്. എലക്ഷൻ കമ്മീഷൻ. കംപ്ട്രോളർ ഏൻഡ് എക്കൗണ്ടന്റ് ജനറൽ തുടങ്ങിയവ അതിൽപെടും. എക്സിക്യൂട്ടീവിന്റെ ഇടപെടലിനെല്ലാം അതീതമായി, സ്വതന്ത്രമായി നിലനിൽക്കുന്ന സ്ഥാപനങ്ങളാണിവ. ജനാധിപത്യം അർത്ഥവത്തും ഫലപ്രദവുമാകണമെങ്കിൽ ഇങ്ങനെ ചില സ്ഥാപനങ്ങൾ കൂടിയേ തീരൂ. പക്ഷെ അതുകൊണ്ടവ ഭരണഘടനക്കതീതമാകുന്നില്ല.

പാർലിമെന്റ് പാസാക്കുന്ന നിയമങ്ങൾ, അവ ഭരണഘടനാവിരുദ്ധമല്ലാത്തിടത്തോളംകാലം മാനിക്കാൻ എല്ലാ വ്യവസ്ഥാപിത സ്ഥാനങ്ങളും ബാധ്യസ്ഥരാണ്. പൗരൻമാർക്കതീതമായ ഒരു പദവിയും ജനാധിപത്യത്തിൽ ഉണ്ടായിക്കൂടാ. അതുകൊണ്ടാണ് പണ്ട് രാഷ്ട്രപതി വി.വി. ഗിരി ഒരു സാധാരണക്കാരനെപ്പോലെ കോടതിയിൽ ഹാജരായത്.

വിവരാവകാശനിയമത്തിൽ ഒരു പൗരന് ലഭ്യമല്ലാത്ത വിവരങ്ങളുടെ നീണ്ടൊരു ലിസ്റ്റ്തന്നെ കൊടുത്തിട്ടുണ്ട്. അതിന്നപ്പുറമുള്ള ഏതുവിവരം ചോദിക്കാനും നിയമാനുസൃതമുള്ള മറുപടി ലഭിക്കാനും പൗരന്മാർക്ക് അവകാശമുണ്ട്. വാസ്തവത്തിൽ ജഡ്ജിമാരെപ്പോലേയും എലക്ഷൻ കമ്മീഷണർമാരെപ്പോലെയുമുള്ള അത്യുന്നത പദവികളിലിരിക്കുന്നവർക്ക് വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ നൽകുന്നതിന്ന് കൂടുതൽ ഉത്തരവാദിത്വമുണ്ടായിരിക്കേണ്ടതാണ്. ചെറുകിട സർക്കാർ ജീവനക്കാരെപ്പോലെ അവർ ഉരുണ്ടു കളിച്ചുകൂടാ. അധികാരം കൂടും തോറും ഉത്തരവാദിത്വവും കൂടുന്നു; അത്രക്കും അവരുടെ നടപടികൾ സുതാര്യവുമാകേണ്ടതാണ്. അതുകൊണ്ടാണ് ജഡ്ജിമാർ വിധി പറഞ്ഞാൽപോരാ "സംസാരിക്കുന്ന" വിധി തന്നെ പറയണമെന്ന്, കാര്യകാരണങ്ങളോടുകൂടിയ വിധി പ്രസ്താവം നടത്തണമെന്ന്, പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്നത്.

ഈയിടെ ഒരു റിട്ട് ഹർജിയുടെ പകർപ്പു കിട്ടാൻ വിവരാവകാശനിയമപ്രകാരം നൽകിയ ഒരപേക്ഷ ഹൈക്കോടതി രജിസ്ട്രാർ തിരിച്ചയച്ച ഒരു സംഭവമുണ്ടായി. ഇവിടെ അധികാരമോ അവകാശമോ അല്ല പ്രശ്നമായത്; കാശായിരുന്നു പ്രശ്നം. കോടതിയിൽനിന്ന് ഒരു രേഖ കിട്ടണമെങ്കിൽ അതിന്നുള്ള ഫീസടച്ച അപേക്ഷ നൽകണം. വലിയ ചെലവുവരുന്ന ഏർപ്പാടാണത്; കോടതിക്ക് അതൊരു വരുമാനമാർഗ്ഗവുമാണ്. വിവരാവകാശ നിയമപ്രകാരമാണെങ്കിൽ, ചെലവ് പത്തുരൂപയേവരൂ; കോടതിയുടെ വരുമാനം കുറയും എന്നർത്ഥം. വിവരാവകാശത്തെ നിരാകരിക്കാൻ എന്തെല്ലാം നിസ്സാര കാര്യങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്! ഒടുവിൽ വിവരാവകാശ കമ്മീഷന്നുതന്നെ ഇടപെടേണ്ടിവന്നു.

നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് ഇനിയും ജനാധിപത്യബോധം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ലെന്ന് ഇതൊക്കെ തെളിയിക്കുന്നു. ഇവിടെ ഉദ്യോഗസ്ഥന്മാരെ പഴിപറയുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ചീഫ് ജസ്റ്റീസിനെപ്പോലേയും മന്ത്രിമാരെപ്പോലേയും ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർക്കുപോലും ജനാധിപത്യം ഉൾക്കൊള്ളാനാവുന്നില്ലെങ്കിൽ, പാവപ്പെട്ട ഉദ്യോഗസ്ഥന്മാരെ പഴിക്കുന്നതിൽ അർത്ഥമില്ലല്ലോ. ❑

# കോടതികൾക്കും ഉണ്ടാകണം ഉത്തരവാദിത്വം

**- ഇന്ദിരാ ജയസിങ് -**

പൊതു താൽപര്യ ഹർജി സംബന്ധിച്ച സുപ്രീംകോടതിയിലെ ജഡ്ജിമാർക്കിടയിൽ ഈയിടെയുണ്ടായ തർക്കം രൂപംകൊള്ളാൻ തുടങ്ങിയിട്ട് കാലം കുറച്ചായിരുന്നു. നിയമവൃത്തങ്ങളിൽ ഇക്കാലമത്രയും അതൊരു ചർച്ചാവിഷയമായിരുന്നുവെങ്കിൽ, ഇപ്പോഴത് ജഡ്ജിമാരുടെ വിധിന്യായങ്ങളിൽതന്നെ സ്ഥാനം പിടിച്ചിരിക്കുകയാണ്.

നിയമവ്യാഖ്യാതാവെന്ന നിലയിൽ സുപ്രീംകോടതിക്കുള്ള പങ്കും നിയമനിർമ്മാതാക്കളായ നിയമനിർമ്മാണസഭക്കും നിയമവ്യാഖ്യാതാക്കളായ കോടതിക്കുമിടയിലുള്ള അതിർവരമ്പുമാണ് തർക്കത്തിന്റെ മർമ്മം. വാസ്തവത്തിൽ ഇത് വളരെ പഴയൊരു തർക്കമാണ്. ഭരണഘടനയും നിയമങ്ങളും വ്യാഖ്യാനിക്കാൻ അധികാരമുള്ള വ്യവസ്ഥാപിത കോടതികളുള്ള എല്ലാരാജ്യങ്ങളിലും ഈ തർക്കം ഉണ്ടാകാറുണ്ട്.

ജഡ്ജിമാർ പറയുന്നത്, തങ്ങൾ നിയമം വ്യാഖ്യാനിക്കുക മത്രമാണ് ചെയ്യുന്നത്, നിയമനിർമ്മാണം നടത്തുകയല്ല എന്നാണ്. പക്ഷെ നിയമത്തിന്ന് ഒരു പ്രത്യേക രൂപം നൽകുക എന്നതിന്റെ അർത്ഥം നിയമ നിർമ്മാണം നടത്തുക എന്നതുതന്നെയാണെന്ന് എല്ലാവർക്കും അറിയാം. നമ്മളിത് കുറെ കണ്ടറിഞ്ഞതാണ്; അതുകൊണ്ടുതന്നെ ജഡ്ജിമാർ അവരുടെ ഇഷ്ടം പോലെ നിയമം രൂപപ്പെടുത്തുമെന്നും നമുക്കറിയാം.

ഒരു നിയമം വ്യാഖ്യാനിക്കുമ്പോൾ, നിയമം വ്യാഖ്യാനിക്കുന്ന ജഡ്ജിയുടെ ഇഷ്ടാനിഷ്ടങ്ങൾ കടന്നുവരുമെന്നത് തീർച്ചയാണ്. അപ്പോൾ ജഡ്ജിമാരുടെ നിയമനം ഒരു പ്രശ്നമാകുന്നു. ആരാണ് ജഡ്ജിയാക്കപ്പെടുന്നത്? എന്തുകൊണ്ടാണ് ഒരാളെ ജഡ്ജിയാക്കിയത്? ന്യായമായ ചോദ്യങ്ങളാണിവ. കഴിഞ്ഞകാലത്തെ അനുഭവംവച്ചു പറഞ്ഞാൽ നല്ലബന്ധങ്ങളുള്ളവർ, നല്ല കഴിവുള്ളവർ, ബന്ധുജനങ്ങൾ, ജഡ്ജിമാരായി നിയമിക്കപ്പെടുന്നു. ജഡ്ജിമാരുടെ നിയമനത്തിൽ വർഗ്ഗപരമായ ഒരു ചായ്‌വുകൂടി ഉണ്ടെന്നാണ് ഇതിന്നർത്ഥം. പലപ്പോഴും ജഡ്ജിമാരുടെ മക്കൾ തന്നെ ജഡ്ജിമാരായി നിയമിക്കപ്പെടുന്നുവെന്നതാണ് അസ്വാസ്ഥ്യജനകം.

ജഡ്ജിമാരുടെ നിയമനത്തിൽ ഗവർമ്മേണ്ടിന്നും ഒരു പങ്കുണ്ടാകണമെന്ന് നിയമമന്ത്രി ഈയിടെ പാർലിമെന്റിൽ പ്രസ്താവിച്ചത് ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണ്.

ഈ പഴയ വിവാദത്തിന്റെ തുടർച്ചയാണ് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്ന വിവാദം. അത് പൊതുതാൽപര്യ ഹർജിയുമായി കെട്ടുപിണഞ്ഞുവെന്നത് നിർഭാഗ്യകരമാണ്. പൊതുതാൽപര്യ ഹർജി എന്നപേരിലാണ് പ്രശ്നം കിടക്കുന്നത്. നിയമപരവും രാഷ്ട്രീയപരവുമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഹർജികൾ ജഡ്ജിമാർ പരിഗണിക്കാറുണ്ട്. ഒരു ഹർജി സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നിടത്താണ് പ്രശ്നം. മനുഷ്യാവകാശപ്രവർത്തനങ്ങളുമായി ഒരു ബന്ധവുമില്ലാത്തവർ മൗലികാവകാശലംഘനത്തിന്റെ പേരിൽ ഹർജി സമർപ്പിക്കുന്നു. അതൊരു പ്രധാന പ്രശ്നമാണെന്ന് ജഡ്ജിക്കു തോന്നിയാൽ ഹർജി സ്വീകരിക്കുന്നു. നിയമപരമായി പരിഹരിക്കാവുന്നൊരു കാര്യമാണോ അതെന്നൊന്നും ആരും ചിന്തിക്കാറില്ല.

തുടർന്നുണ്ടാകുന്ന വിധിക്ക് ഇന്ത്യൻ സുപ്രീംകോടതിയുടെ അധികാരമുദ്ര ലഭിക്കുന്നു.

ഇവിടെ രാഷ്ട്രീയ പ്രചോദിതരായ ആളുകൾ അവരുടെ രാഷ്ട്രീയ അജണ്ട നടപ്പാക്കുന്നതിന്ന് മൗലികാവകാശലംഘനത്തിന്റെ പേരിൽ സുപ്രീംകോടതിയെ കരുവാക്കുകയാണ് ചെയ്യുന്നത്.

കോടതിയുടെ ഇടപെടലിന്നുള്ള പരിധിചൂണ്ടിക്കാണിച്ചുകൊണ്ട് സുപ്രീംകോടതിയിലെ രണ്ടു ജഡ്ജിമാർ ഈയിടെ പുറപ്പെടുവിച്ച വിധിയിൽ അതിന്റെ രണ്ടു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി-ജഗദംബികാപാൽ ഇന്ത്യാഗവർമ്മേണ്ടിന്നെതിരായി സമർപ്പിച്ച ഹർജിയും (1999) അനിൽകുമാർഝായും കേന്ദ്രഗവർമ്മേണ്ടും തമ്മിലുണ്ടായ ഝാർഖണ്ഡ് അസംബ്ലി കേസും (2005)

എങ്ങുമെത്താത്തതരം കേസുകൾ രാഷ്ട്രീയ തിരുമാലിത്തരങ്ങൾക്കുമാത്രമല്ല, മറ്റുതരം തിരുമാലിത്തരങ്ങൾക്കും സുപ്രീംകോടതിയെ ഇരയാക്കുന്നുണ്ട്. രണ്ടു മികച്ച ഉദാഹരണങ്ങൾ ഇതാ: ദൽഹിക്കുള്ള മാസ്റ്റർപ്ലാൻ ഡിസൈൻ ചെയ്യുന്നതിൽ സുപ്രീംകോടതി നടത്തിയ കൈകടത്തലാണ് ഒന്ന്. പ്ലാൻ അനുസരിച്ചല്ലാത്ത കടകളെല്ലാം അടച്ചുമുദ്രവയ്ക്കാൻ കോടതി കല്പന നൽകി. ചീഫ് ജസ്റ്റീസായിരുന്ന വൈ. കെ. സഭർവാൾ തുടങ്ങിവച്ച ഇടപെടൽ ജ. അരിജിത്ത് പസ്സായതിന്റെ നേതൃത്വത്തിലുള്ള ബഞ്ച് തുടർന്നു പോകുകയാണ്. ഫലം? ദൽഹിയിലെ ജനങ്ങളിൽ പകുതിക്കും ഉപജീവനമാർഗ്ഗംമുട്ടി.

കടകൾപൂട്ടി മുദ്രവയ്ക്കുന്നത് നിർത്തണമെന്ന് നിയമനിർമ്മാണസഭ തീരുമാനിച്ചതാണ്; ഒരു കെട്ടിടം വാണിജ്യാവശ്യത്തിന്ന് ഉപയോഗിക്കാവുന്നതാണോ അല്ലയോ എന്നതിന്റെ നിർവ്വചനം മാറ്റാനും നിശ്ചയിച്ചതാണ്. നഗരത്തിൽ വ്യാപകമായതും ദശകങ്ങളായി നിലനിന്നുവരുന്നതുമായ ഒരു പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചതാണ്. എന്നാൽ സുപ്രിം കോടതിക്ക് മറിച്ചാണ് തോന്നിയത്. കോടതിതന്നെ മാസ്റ്റർപ്ലാൻ പരിശോധിക്കാൻ തുടങ്ങി. നഗരത്തിൽ വെള്ളം, വൈദ്യുതി, പാർക്കിങ് സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുണ്ടോ എന്നു പരിശോധിച്ചു. സുപ്രീംകോടതിയുടെ കല്പന നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കാൻ കോടതി സ്വന്തമായൊരു മോണിട്ടറിങ് കമ്മിറ്റിയെ നിയോഗിച്ചു. നിയമം നടപ്പാക്കാൻ നിലവിലുള്ള സംവിധാനത്തെയാകെ ഒഴിവാക്കിയാണിത് ചെയ്തത്. സുപ്രീംകോടതി തിരഞ്ഞെടുത്ത ഒരു പറ്റം ആളുകൾക്ക് കോടതിയുടെ അധികാരംതന്നെ കൈമാറി. നീതിന്യായ ഭരണസംവിധാനം പാടെ തകർന്നടിയുന്നതാണ് നാമിവിടെ കണ്ടത്.

ഇപ്പോഴിതാ കോടതി അധികാരാതിർത്തി ലംഘിച്ചതായി രണ്ടു ജഡ്ജിമാർതന്നെ ആരോപിക്കുന്നു. (ഈ കേസിലല്ല; പക്ഷെ ഇതിന്നും അത് ബാധകമാണ്) കടകൾ മുദ്രവയ്ക്കാൻ കൽപന നൽകിയ ജ. സഭർവാൾ ദുരുദ്ദേശത്തോടെയാണ് അങ്ങനെ ചെയ്തതെന്ന് ആരോപണമുയർന്നിരിക്കുന്നു. ആരോപണം ശരിയോ തെറ്റോ എന്നതല്ല കാര്യം. ഒരു മാസ്റ്റർപ്ലാനിന്റെ ശരിയും തെറ്റും നിർണയിക്കുന്ന കാര്യത്തിൽ ജഡ്ജിമാർ അധികാരാതിർത്തി വിട്ടു പ്രവർത്തിച്ചുവോ എന്ന ചോദ്യം അവശേഷിക്കുന്നു. കോടതിയുടെ കല്പന ആയിരക്കണക്കിന്നാളുകളെ തൊഴിൽ രഹിതരാക്കിയെന്നത് അനിഷേധ്യമായൊരു വസ്തുതയാണ്. അതുമാത്രമല്ല, സ്ഥലങ്ങളുടെ വിലയും വാടകനിരക്കും അനിയന്ത്രിതമാംവണ്ണം ചീറിക്കയറിയെന്നതും അനിഷേധ്യമായ വസ്തുതയാണ്. എന്നിട്ടോ? മാസ്റ്റർപ്ലാനിന്റെ സ്ഥിതി ഇപ്പോഴും അനിശ്ചിതമായി തുടരുന്നു!

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിന്ന്

സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം സ്റ്റേ ചെയ്തതാണ് മറ്റൊരു ഉദാഹരണം. സംവരണത്തിന്റെ ഗുണദോഷങ്ങളെപ്പറ്റി കോടതിയിൽ മാസങ്ങളോളം വാദപ്രതിവാദം നടന്നു. യഥാർത്ഥത്തിൽ ഇതൊരു സാമൂഹ്യ പ്രശ്നവും രാഷ്ട്രീയ പ്രശ്നവുമാണ്. പാർലിമെന്റിലാണതിന്റെ ചർച്ച നടക്കേണ്ടത്. സുപ്രീംകോടതിയിലെ ചർച്ചയിൽ ഒരു പിടി ഭരണഘടനാ വിദഗ്ധന്മാർ മാത്രമാണ് പങ്കെടുക്കുന്നതെന്ന കാര്യം നാം മറക്കരുത്. അതായത് തീർത്തും ജനാധിപത്യ വിരുദ്ധമാണ് അത്. നിയമപരമായ ഒരു ചർച്ചയാണ് നടക്കുന്നതെങ്കിൽ നമുക്കത് മനസ്സിലാക്കാം. ഇവിടെ നടക്കുന്നത് സാമൂഹ്യ നീതിയുടേതായ പ്രശ്നത്തിന്റെ ചർച്ചയാണ്; നയപരമായ ചർച്ചയാണ്. ഇതൊക്കെ സുപ്രീംകോടതി ജഡ്ജിമാർ ചർച്ച ചെയ്തു തീരുമാനിക്കുന്നു!

ജൂഡീഷ്യൽ ഇടപെടലിന് പരിധിവേണമെന്ന് ജ. എ.കെ. മാഥുറും ജ. മാർക്കാണ്ഡേയ കാട്ജുവും പറയുന്നു. അടുത്ത ദിവസം ജ. എസ്.ബി. സിംഹ തിരിച്ചടിക്കുന്നു. വനിതാതടവുകാരുടെ പ്രശ്നം പരിഗണിക്കാൻ അദ്ദേഹം വിസമ്മതിക്കുന്നു. അപ്പുറത്ത് ഒരു ഹൈക്കോടതി യാചകരുടെ പ്രശ്നം സംബന്ധിച്ച ഒരു ഹർജി കേൾക്കാൻ വിസമ്മതിക്കുന്നു. കാരണം? എല്ലാ പൊതുതാൽപര്യ ഹർജികളും പരിഗണിക്കുന്നതിനെ സുപ്രീംകോടതി ശാസിച്ചതാണ് കാരണം. ജഡ്ജിമാർ അങ്ങനെ പോരടിച്ചുകൊണ്ടിരിക്കെ കഷ്ടത്തിലാകുന്നത് നീതിയാണ്. പൊതുതാല്പര്യ ഹർജികളും രാഷ്ട്രീയ ഹർജികളും തമ്മിൽ വേർതിരിച്ചറിയാൻ ജഡ്ജിമാർക്കാവുന്നില്ലെന്നത് മഹാകഷ്ടമാണ്. തടവിൽ കിടക്കുന്ന സ്ത്രീകളുടെ, കുട്ടികളുടെ, പിച്ചക്കാരുടെ പ്രശ്നങ്ങൾ തീർച്ചയായും നീതിയുടെ പ്രശ്നങ്ങളാണ്; എന്നാൽ ഒരു മാസ്റ്റർപ്ലാനിന്റെ ഗുണദോഷങ്ങളറിയാൻ നിയമസഭയിൽ ബലപരീക്ഷണം നടത്താനാവശ്യപ്പെടുന്നത് നീതിക്കുവേണ്ടിയുള്ള കേഴലല്ല.

സാമൂഹ്യനീതിക്കും രാഷ്ട്രീയത്തിന്നും ഇടക്കുള്ള അതിർവരമ്പ് നിശ്ചയിക്കേണ്ടത് ജഡ്ജിമാരാണ്. പക്ഷെ പാവങ്ങളുടേയും ദരിദ്രരുടേയും വഴിയടക്കുന്ന വിധത്തിൽ അതിർവരമ്പിടരുത്. ജഡ്ജിമാരിൽനിന്ന് കൂട്ടുത്തരവാദിത്വമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്ത്; പക്ഷെ അതുണ്ടാകുന്നില്ല. മന്ത്രിസഭക്ക് കൂട്ടുത്തരവാദിത്വം ഉണ്ടെങ്കിൽ സുപ്രീം കോടതിക്കും കൂട്ടുത്തരവാദിത്വം ആവശ്യമാണ്.

പൊതുതാൽപര്യ ഹർജി എന്ന സംവിധാനം ജന്മംകൊണ്ടകാലഘട്ടത്തിലെ കോടതിയിൽപെട്ടവരല്ല ഇന്നത്തെ ജഡ്ജിമാരും അഭിഭാഷകരുമെന്നതാണ് നമ്മുടെ കാതലായ പ്രശ്നം. ജനങ്ങൾ വിയർപ്പൊഴുക്കിനേടിയെടുത്ത ഒരവകാശമാണ് പൊതുതാൽപര്യ ഹർജി എന്നത്. ഭഗൽപൂരിൽ കണ്ണുകുത്തിപ്പൊട്ടിക്കപ്പെട്ടവർക്കുവേണ്ടി, തനിക്കു ലഭിക്കുമായിരുന്ന ശിക്ഷയേക്കാളധികംകാലം ജയിലിൽ കിടന്നു നരകിച്ച ഹുസാനിയാരമാർക്കുവേണ്ടി, മിനിമം വേതനത്തേക്കാൾ കുറഞ്ഞ വേതനത്തിന്ന് ഏഷ്യാഡ് ഫ്ളൈ ഓവർ നിർമ്മിച്ച പാവം തൊഴിലാളികൾക്കുവേണ്ടി – ഇവർക്കെല്ലാം വേണ്ടിയാണ് ഇവിടെ പൊതുതാൽപര്യഹർജികൾ സമർപ്പിക്കപ്പെട്ടിരുന്നത്. ഇന്നും സ്ഥിതിക്ക് വ്യത്യാസമൊന്നുമില്ല. ഒരു കേന്ദ്രമന്ത്രിയുടെ ബീഹാറിലുള്ള കൃഷിത്തോട്ടത്തിൽ കാളകൾക്കു പകരം കുട്ടികളെ കെട്ടി നിലം ഉഴുന്നതിന്റെ ചിത്രം ഈയിടെ പത്രങ്ങളിൽവന്നു. ഗുജറാത്ത് കേസുകൾ 2002 മുതൽ സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുകയാണ്. ഇതൊക്കെ പൊതുതാൽപര്യഹർജിക്കു പറ്റിയ കേസുകളല്ലേ? എന്തുകൊണ്ടൊരു ജഡ്ജിയും അത് സ്വമേധയാ എടുക്കുന്നില്ല? നീതിന്യായ രംഗത്തെ ഉത്തരവാദിത്വത്തിൽ കുറഞ്ഞ ഒന്നുമല്ല ഇവിടെ പ്രസക്തമാകുന്നത്.

(ഇന്ദിരാ ജയ്സിങ് സുപ്രീംകോടതിയിലെ ഒരു സീനിയർ അഭിഭാഷകയാണ്.)

# ജനാധിപത്യ ഭരണവും നിയമവാഴ്ചയും ഇന്ത്യയിൽ

**- സി. രാജകുമാർ -**

**ഇ**ന്ത്യ ഈയിടെ സ്വാതന്ത്ര്യത്തിന്റെ 60-ാം വാർഷികം ആഘോഷിച്ചു. ജനാധിപത്യപരമായ അഭിലാഷങ്ങളും വ്യവസ്ഥാപിതമായ ലക്ഷ്യങ്ങളും നേടുന്നതിനെ സംബന്ധിച്ചിടത്തോളം ഇതൊരു മഹാസംഭവമാണ്. കഴിഞ്ഞ ആറു ദശകങ്ങളിലെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ കുത്തിയൊഴുക്കുകളെ നേരിടാനുള്ള കരുത്ത് ഇന്ത്യക്കുണ്ടായെങ്കിലും ജനാധിപത്യ ഭരണത്തിന്റേതായ ഒട്ടേറെ വെല്ലുവിളികളെ ഇന്ത്യക്ക് നേരിടേണ്ടതായിട്ടുണ്ട്. നിയമവാഴ്ചക്ക് ഇന്ത്യൻ സമൂഹത്തിൽ ഇനിയും വേണ്ടത്ര സംരക്ഷണം ലഭിച്ചു കഴിഞ്ഞിട്ടില്ല.

ജനാധിപത്യത്തിന് ആഴം കൂട്ടുന്നതിലൂടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കാൻ പല സമൂഹങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. പക്ഷെ അതെല്ലാം നിയമവാഴ്ചയെ വിജയകരമായി സംരക്ഷിച്ചതുകൊണ്ടായിരുന്നു. ഈ രംഗത്ത് ഇന്ത്യൻ ജനാധിപത്യം ഒട്ടേറെ വെല്ലുവിളികളെ നേരിടുന്നുണ്ട്.

ഇന്ത്യൻ സമൂഹത്തിൽ നിയമവാഴ്ച നടപ്പാക്കുന്നതിന്ന് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നടത്തിയ ശ്രമങ്ങൾ വേണ്ടത്ര ഫലദായകമായിട്ടില്ല. ഭരണഘടനയിലൂടേയും വ്യവസ്ഥാപിത സ്ഥാപനങ്ങളിലൂടേയും നിയമവാഴ്ചയുടെ ചട്ടക്കൂടുണ്ടാക്കാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും വ്യവസ്ഥാപിതമൂല്യങ്ങൾ ഇന്ത്യൻ സമൂഹത്തിൽ വേരൂന്നിയിട്ടില്ല.

അധികാര ദുർവ്വിനിയോഗം തടയുന്നതിനുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങൾ ജനങ്ങൾക്കിടയിൽ വമ്പിച്ച പ്രതീക്ഷകളാണ് ഉയർത്തിയിട്ടുള്ളത്. ഇതെത്രത്തോളം വിജയിച്ചു എന്നു വിലയിരുത്താൻ അറുപതു കൊല്ലത്തെ ഭരണം അപര്യാപ്തമാണെങ്കിലും ഒട്ടേറെ വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടാതെ അവശേഷിക്കുന്നുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ നീതിന്യായ സംവിധാനത്തിന്ന് ഇന്ത്യക്കകത്തും പുറത്തും നല്ല പേരാണുള്ളത്. പുരോഗമനാത്മകമായ ഒട്ടേറെ ഭരണഘടനാ വ്യാഖ്യാനങ്ങൾ കോടതികളിൽനിന്നുണ്ടായിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങളെ പർവ്വതീകരിച്ചു കാണിക്കുന്നത് ഇന്ത്യൻ സാഹചര്യത്തിൽ തെറ്റായിരിക്കും. ഇന്ത്യൻ സമൂഹത്തിൽ അസമത്വങ്ങളും അനീതികളും നിറഞ്ഞു നിൽക്കുകയാണ്. ഇന്ത്യൻ നീതിന്യായ സംവിധാനം ഒട്ടേറെ പ്രതിസന്ധികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. അതിൽ പ്രഥമവും പ്രധാനവും നിയമവാഴ്ച സംബന്ധിച്ചതാണ്. ഇന്ത്യയിലെ ഭരണസംവിധാനം നിയമാധിഷ്ഠിതമാണെങ്കിലും ഭരിക്കുന്നവർക്കോ ഭരിക്കപ്പെടുന്നവർക്കോ നിയമത്തോട് അത്ര ബഹുമാനമൊന്നും കാണുന്നില്ല. നിയമവാഴ്ചയോടുള്ള ഈ അനാദരം ജനാധിപത്യത്തിന്ന് ഗുരുതരമായൊരു ഭീഷണിയാണ്.

അനീതികളോട് പ്രതികരിക്കാൻ നിയമസംവിധാനത്തിന്നുള്ള ശേഷി

വർധിച്ചാലെ നിയമവാഴ്ചയെ സംരക്ഷിക്കാനും നിയമവാഴ്ച നടപ്പാക്കാനും കഴിയൂ. ഇതിന്ന് പുതിയ നിയമങ്ങൾ പാസാക്കിയതുകൊണ്ടോ കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാക്കിയതുകൊണ്ടോ കാര്യമില്ല. നിയമവാഴ്ച നടപ്പാക്കുന്നതിന്ന് നാം അനുവർത്തിക്കുന്ന സമീപനം ഒരു പുന:പരിശോധനക്ക് വിധേയമാക്കണം. ഭരണത്തിന്റെ എല്ലാ മേഖലകളിലും അഴിമതി സുസ്ഥാപിതമായിക്കഴിഞ്ഞിരിക്കേ, ഇന്ത്യൻ ജനാധിപത്യത്തിന്റ ഫലദായകത്വവും പുന:പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

ഭരണഘടനയുടെ പ്രവർത്തനം അവലോകനം ചെയ്യാനായി നിയോഗിക്കപ്പെട്ട കമ്മീഷന്റെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. ഇന്ത്യയിലെ പത്രങ്ങളും പൊതുജനാഭിപ്രായവും വളരെ ജാഗരൂകമായിരുന്നിട്ടും, ഇവിടത്തെ അഴിമതിയുടെ തോത് വളരെ ഉയർന്നിരിക്കുന്നു എന്നതാണ് ഇന്ത്യയിലെ വിരോധാഭാസം. കൈക്കോഴ വാങ്ങുന്നവർക്ക് യാതൊരുവിധ ധർമ്മബോധമോ മനസ്സാക്ഷിയോ നാണമോ ഇല്ലാത്തതാണിതിന്നു കാരണം. യാതൊരു കൂസലുമില്ലാതെ അഴിമതിയുടേയും നാണക്കേടിന്റേയും ബാഡ്ജും ധരിച്ചാണിവർ നടക്കുന്നത്.

ഇന്ത്യയിൽ അഴിമതി നിരോധന നിയമംതന്നെ അഴിമതിക്കുള്ള കരുവാകുന്നുണ്ട്. ഇടക്കെങ്ങാനും അഴിമതി നിരോധന നിയമം നടപ്പാക്കുന്നുണ്ടെങ്കിൽ, അത് പ്രതിപക്ഷത്തോടുള്ള പകപോക്കാനായിത്തീരുന്നു. അപ്പോൾ രാഷ്ട്രീയം ക്രിമിനവൽക്കരിക്കപ്പെടുകയും ക്രിമിനലുകൾ രാഷ്ട്രീയവൽക്കരിക്കപ്പെടുകയും ചെയ്യുന്നു.

സമൂഹത്തിൽ നിയമവാഴ്ച സുസ്ഥിരമാകുമ്പോഴേ ജനാധിപത്യം ശക്തിപ്പെടൂ. അതിന്ന് ഇന്ത്യയിലെ നിയമസംവിധാനത്തിലെ മൂന്നു മേഖലകളിൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കേണ്ടതുണ്ട്(1). നിയമവിദ്യാഭ്യാസം (2) അഭിഭാഷകരും സാമൂഹ്യപരിവർത്തനവും (3). നീതിന്യായ നിർവ്വഹണ സംവിധാനം.

ഭരണത്തിന്റെ അടിസ്ഥാനപരമായ ചട്ടക്കൂട് നിയമവാഴ്ചയാക്കിയിട്ടുള്ള സമൂഹങ്ങളിൽ നിയമ വിദ്യാഭ്യാസം സുപ്രധാനമായൊരു പങ്കുവഹിച്ചിട്ടുണ്ട്. ഭരണകൂടത്തിൽ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നതിന്ന് അത് വിദ്യാർത്ഥികളെ സഹായിക്കുന്നു. നിയമവിദ്യാർത്ഥികളുടെ എണ്ണത്തിലും അവരുടെ കഴിവിലും അടുത്തകാലത്ത് ഗണ്യമായ വർധനയുണ്ടായിട്ടുണ്ടെങ്കിലും നിയമത്തോടോ നിയമജ്ഞരോടോ ഉള്ള ആദരത്തിൽ ഇത് വർധനയുണ്ടാക്കിയതായി കാണുന്നില്ല. വാസ്തവത്തിൽ നിയമവാഴ്ചയോടുള്ള ആദരത്തിന്ന് വേരു പിടിക്കേണ്ടത് നിയമജ്ഞർക്കിടയിലാണ്. നിയമത്തെ സാമൂഹ്യപരിവർത്തനത്തിനുള്ള കരുവാക്കാൻ നിയമജ്ഞർക്ക് കഴിയണം.

ഇന്ത്യയിലെ നീതിന്യായ സംവിധാനത്തിന്ന് ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭരണഘടനയേയും ജനങ്ങളുടെ അവകാശങ്ങളേയും സംരക്ഷിക്കുന്നതിന്ന് ഹൈക്കോടതികളും സുപ്രീം കോടതിയും മികച്ച സേവനമാണ് നൽകിയിട്ടുള്ളത്. പക്ഷെ ജനങ്ങൾക്കിന്നും കോടതികൾ അപ്രാപ്യമാണ്. കീഴ്കോടതികളുടെ പ്രവർത്തനമാകട്ടെ, വളരെയേറെ മെച്ചപ്പെടേണ്ടിയിരിക്കുന്നു.

ജനാധിപത്യവും നിയമവാഴ്ചയും അഭേദ്യമാംവണ്ണം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിയമവാഴ്ചയുടേതായ ഒരു സമൂഹം വാർത്തെടുക്കാൻ ഇന്ത്യ അടിയന്തരമായി നടപടികളെടുക്കേണ്ടതുണ്ട്. ❑

# കർണ്ണാടകത്തിൽ കണ്ടെത്തിയ എട്ടു സ്വർണ്ണഖനികൾ

കർണ്ണാടകത്തിൽ ലോകായുക്ത ഏപ്രിൽ 22ന്നു നടത്തിയ മിന്നൽ പരിശോധനകളിൽ ഉദ്യോഗസ്ഥന്മാർ അനധികൃതമായി സമ്പാദിച്ചുകൂട്ടിയ നാൽപതുകോടി രൂപയുടെ വസ്തുവകകൾ കണ്ടെത്തി; ബാംഗളൂരിലെ അഞ്ചു സിറ്റി പോലീസ് ഉദ്യോഗസ്ഥന്മാരടക്കം എട്ടു ഉദ്യോഗസ്ഥരുടെ വീടുകളിലും ഓഫീസുകളിലുമാണ് മിന്നൽ പരിശോധന നടന്നത്. അഴിമതി ആരോപണങ്ങളെത്തുടർന്നാണ് ലോകായുക്ത ഈ മിന്നൽ പരിശോധനകൾക്ക് കല്പന നൽകിയത്.

ബാംഗളൂർ, രാമനഗർ, ചിത്രദുർഗ്ഗ, ദാവൻഗീർ, ബൽഗാം എന്നിവിടങ്ങളിൽ ഒരേസമയമാണ് മിന്നൽ പരിശോധന നടത്തിയത്.

ഈ ഉദ്യോഗസ്ഥന്മാരുടെ അറിയപ്പെടുന്ന വരുമാന മാർഗ്ഗങ്ങൾക്കുപരി നാല്പതുകോടി രൂപയുടെ പണവും സ്വത്തുക്കളും പിടികൂടിയിട്ടുണ്ട. ബൽഗാമിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറായ മഹേശ് ശങ്കറാണ് ഇവരിൽ മുമ്പൻ. ഇദ്ദേഹത്തിന്റേതായി 25 കോടി ക. യുടെ സ്വത്ത് കണ്ടെത്തിയിട്ടുണ്ട്.

മഹേശ് ഉദ്യോഗത്തിൽ ചേർന്നത് 1991ൽ മാത്രമാണ്. ബൽഗാമിൽ ഇദ്ദേഹത്തിന്ന് ഒരു അഞ്ചുനില കെട്ടിടവും ഒരു നാലു നിലകെട്ടിടവുമുള്ളതിന്റെ രേഖകൾ കണ്ടെത്തി. രണ്ടും വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നവയാണ്. രേഖകൾ അമ്മയുടെ പേരിലാണ്. ഇതിന്നുപുറമെ പോപ്പുലർ എർത്ത് മൂവേഴ്സ് എന്ന കമ്പനിയിൽ ഇദ്ദേഹം ഇരുപതു കോടി നിക്ഷേപിച്ചിട്ടുമുണ്ട്. അളിയനും അമ്മയുമാണ് ഈ കമ്പനിയുടെ ഡയറക്ടർമാർ.

സെക്രട്ടറിയേറ്റ് സ്ഥിതിചെയ്യുന്ന വിധാന സൗധത്തിന്റെ സെക്യൂരിറ്റിയുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ലക്ഷ്മൺ സിങ്ങിന് ബാംഗളൂരിൽ ഒരു മൂന്നുനില കെട്ടിടമുണ്ട്. ഇതിന്നു പുറമെ തമ്പുചെട്ടി പാളയത്ത് ഒരു വീടുള്ളതിന്റേയും രാജരാജേശ്വരി നഗറിൽ മൂന്നേക്കർ ഭൂമിയുള്ളതിന്റേയും രേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്.

അസിസ്റ്റന്റ് പോലീസ് കമ്മീഷണറായ വെങ്കടസ്വാമി ഡോളേഴ്സ് കോളനിയിലെ കൊട്ടാര സദൃശമായൊരു ബ്ഗ്ലാവിലാണ് താമസിക്കുന്നത്. ഇതിന്നു പുറമെ ഹുലിമാവു പ്രദേശത്ത് ഒരു കോടി വില വരുന്ന ഒരു ഷോപ്പിങ്ങ് കോംപ്ലക്സും ഒരു വ്യവസായശാലയും ഇദ്ദേഹത്തിന്റേതായിട്ടുണ്ട്.

മറ്റൊരു പോലീസ് കമ്മീഷണറായ പ്രതാപസിങ്ങ് റിട്ടയർ ചെയ്യാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെയാണ് മിന്നൽ പരിശോധനക്ക് വിധേയനായത്. ഇദ്ദേഹത്തിന്ന് കവലബൈര സാന്ദ്ര പ്രദേശത്ത് ഒരു ഇരു നില കെട്ടിടമുണ്ട്. അതിന്നുപുറമെ ഒരു മൂന്നുനില ഷോപ്പിങ്ങ് കോംപ്ലക്സും 1200 ചതുരശ്രഅടി വീതം വരുന്ന രണ്ടു ഭവന നിർമ്മാണ പ്ലോട്ടുകളും ഉണ്ട്. അതിന്നും പുറമെ ഓഫീസിൽനിന്ന് 1.78 ലക്ഷം രൂപയും കണ്ടെടുത്തു.

ബാഗ്ലൂർ റൂറലിലെ അഡീഷനൽ പോലീസ് സൂപ്രണ്ടായ കുമാർ കാർണിങ്ങിന്ന് ഉത്തരഹല്ലി മെയിൻ റോഡിൽ ഒരു വീടുണ്ട്. ഭാര്യയുടെ അഛൻ ദാനമായി തന്നതാണിതെന്ന് അദ്ദേഹം പറയുന്നു.

ദേവർഗീറിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായ അഞ്ജനേയക്ക് ചിത്രദുർഗിൽ ഒരു ഇരുനില കെട്ടിടവും ഒരു മൂന്നുനില കെട്ടിടവും ഉണ്ട്. മൂന്നുനില കെട്ടിടം അദ്ദേഹത്തിന്റെ സഹോദരിയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ❑

# പരാഗ്വേയിൽ മുൻ ബിഷപ്പ് പ്രസിഡണ്ടായി

ലാറ്റിനമേരിക്കയിൽ ബ്രസീലിന്റെ അയൽ രാജ്യമായ പരാഗ്വേയിൽ ഈ ഏപ്രിലിൽ നടന്ന തിരഞ്ഞെടുപ്പിൽ ഫെർണാൻഡോ ലൂഗോ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. പാട്രിയോറ്റിക് അലയൻസ് ഫോർ ചേഞ്ച് (PAC) എന്ന ഐക്യ മുന്നണിയുടെ സ്ഥാനാർത്ഥിയായിരുന്ന അദ്ദേഹം കൊളോറാഡോ പാർട്ടിയുടെ സ്ഥാനാർത്ഥിയായിരുന്ന ബ്ലാങ്ക ഒവേലർ എന്ന സ്ത്രീയെയാണ് തോൽപ്പിച്ചത്.

പരാഗ്വേയിൽ കഴിഞ്ഞ 60 കൊല്ലമായി കൊളോറാഡോ പാർട്ടിയുടെ ഏകകക്ഷി ഭരണമായിരുന്നു നിലനിന്നിരുന്നത്. ഇടതുപക്ഷ ആഭിമുഖ്യമുള്ള പാട്രിയോറ്റിക് അലയൻസാകട്ടെ, ഒട്ടേറെ പാർട്ടികളും പ്രസ്ഥാനങ്ങളും ചേർന്ന് രൂപം നൽകിയ ഒരു മുന്നണിയാണ്.

ഫെർണാൻഡോ ലൂഗോ പരാഗ്വയിലെ ഒരു ബിഷപ്പായിരുന്നു. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്നായി അദ്ദേഹം നാലുകൊല്ലം മുമ്പ് ബിഷപ്പ് പദവി രാജിവച്ചൊഴിയുകയാണുണ്ടായത്. ഫെർണാൻഡോവിന്റെ ഈ വിജയത്തോടെ ലാറ്റിനമേരിക്കയിലെ ഇടതുപക്ഷ വിജയ പരമ്പരകളിൽ ഒന്നുകൂടിയായി. ലോകത്തിൽ ഏറ്റവുമധികം കാലം അധികാരത്തിലിരുന്ന പാർട്ടിയെന്ന പ്രശസ്തിയുള്ള കൊളോറാഡോ പാർട്ടിയെയാണ് അദ്ദേഹം തോൽപിച്ചത്.

പരാഗ്വേ ഒരു പിന്നണിരാജ്യമാണ്. ഇന്ത്യയിലെ മധ്യപ്രദേശത്തിന്റെ വലുപ്പമേയുള്ളൂ. കൃഷിയാണ് പ്രധാനം. ബൊളീവിയ ഇക്വഡോർ, നിക്കറാഗ്വ,



ഫെർണാൻഡോ ലൂഗോ

വെനീസുല എന്നിവയെല്ലാം സോഷ്യലിസ്റ്റ് മാർഗ്ഗത്തിലേക്ക് തിരിഞ്ഞപ്പോഴും പരാഗ്വേ യാഥാസ്ഥിതിക ജീവിതത്തിൽ മുഴുകി കിടക്കുകയായിരുന്നു. സാധുജന സേവനത്തിനെന്നു പറഞ്ഞാണ് ഫെർണാണ്ടോ ലൂഗോ ബിഷപ്പ് സ്ഥാനം ഒഴിഞ്ഞത്. സോഷ്യലിസമെന്ന വാക്ക് ജനങ്ങളെ ഭയപ്പെടുത്തുമെന്നു കരുതി അദ്ദേഹം സ്വതന്ത്രനായിട്ടാണ് മത്സരിച്ചത്. വെനീസുലയിലെ സോഷ്യലിസ്റ്റ് പ്രസിഡണ്ടായ ഹ്യൂഗോ ഷവേസുമായി അദ്ദേഹം അകലം പാലിക്കുന്നതും അതുകൊണ്ടാണ്.

പഴയ നാടുവാഴി സമ്പ്രദായത്തിൽനിന്ന് പരാഗ്വേ ഇനിയും മോചിതമായിട്ടില്ല. ഒരു ഭാഗത്ത് ഒരു പിടി ജന്മിമാർ എല്ലാ സുഖഭോഗങ്ങളും അനുഭവിച്ചു വാഴുന്നു. മറുഭഗത്ത് ദരിദ്രലക്ഷങ്ങളും. പാവങ്ങൾക്കെല്ലാം ഭൂമി നൽകുമെന്നതാണ് ഫെർണാൻഡോ ലൂഗോയുടെ പ്രധാന വാഗ്ദത്തം. ❑

# അമേരിക്കയിൽ ജയിലുകൾ നിറയെ തടവുകാർ

**- ആഡം ലിപ്ടാക് -**

ലോകജനസംഖ്യയിൽ അഞ്ചുശതമാനത്തിൽ താഴെമാത്രമാണ് അമേരിക്കക്കാർ. എന്നാൽ ലോകത്തിലെ തടവുകാരിൽ ഏതാണ്ട് നാലിലൊന്ന് അമേരിക്കക്കാരാണ്.

തടവുകാരെ സൃഷ്ടിക്കുന്നതിൽ ഒന്നാംസ്ഥാനം അമേരിക്കക്കാണ്. മറ്റുരാഷ്ട്രങ്ങളിൽ തടവുശിക്ഷ നൽകാത്തതരം കുറ്റങ്ങൾക്കും അമേരിക്കയിൽ തടവുശിക്ഷ വിധിക്കും; മാത്രമല്ല, മറ്റുരാജ്യങ്ങളിൽ നൽകുന്നതിനേക്കാൾ ദീർഘകാലത്തേക്ക് അമേരിക്കയിൽ ശിക്ഷ വിധിക്കുകയും ചെയ്യും.

അമേരിക്കയിൽ ക്രിമിനൽ കുറ്റങ്ങൾക്ക് തടവുശിക്ഷലഭിച്ചവർ 23 ലക്ഷം വരും. ഇത് മറ്റേതൊരു രാജ്യത്തേക്കാളും അധികമാണ്. ചീനയുടെ ജനസംഖ്യ അമേരിക്കയിലേതിന്റെ നാലിരട്ടിവരും. എന്നാൽ അവിടെ ജയിലിലുള്ളത് 16 ലക്ഷം പേർ മാത്രമാണ്. സാൻമാരോ ഒരു കൊച്ചു രാജ്യമാണ്. ജനസംഖ്യ 30,000 മാത്രം. അവിടെ ഒരൊറ്റ തടവുകാരനേയുള്ളൂ. 218 രാജ്യങ്ങളിൽ തടവുകാർ ഏറ്റവും കുറഞ്ഞത് ഇവിടെയാണ്.

അമേരിക്കയിൽ 1 ലക്ഷം പേർക്ക് 751 പേർ ജയിലിലുണ്ട്. ഇതിന്നടുത്തുവരുന്ന വ്യവസായവൽകൃതമായ മറ്റൊരു രാജ്യം റഷ്യമാത്രമാണ്. അവിടെ 1 ലക്ഷത്തിന്ന് 627 പേർ ജയിലിലുണ്ട്. ഇംഗ്ലണ്ടിൽ 151 പേരും ജർമ്മനിയിൽ 88 പേരും ജപ്പാനിൽ 63 പേരും മാത്രമാണുള്ളത്.

അമേരിക്കയിൽ ഇത്രയേറെ പേർ തടവുകാരാകാൻ കാരണം പലതാണ്- ഉയർന്നതോതിലുള്ള അക്രമം, കഠിനമായ ശിക്ഷാനിയമം, വർഗ്ഗവിവേചനം, മയക്കുമരുന്നിന്നെതിരായ പോരാട്ടം, അമേരിക്കക്കാരുടെ ക്ഷുബ്ധ പ്രവണത, സാമൂഹ്യ സുരക്ഷിതത്വത്തിന്റെ അഭാവം എന്നിവയെല്ലാം ഇതിൽപെടും ജനാധിപത്യത്തിന്നുപോലും ഇതിലൊരു പങ്കുണ്ട്. ജഡ്ജിമാരിൽ നല്ലൊരുഭാഗം തിരഞ്ഞെടുക്കപ്പെടുന്നവരാണ്. തെറ്റുചെയ്തവരെ ശിക്ഷിക്കണമെന്ന ജനങ്ങളുടെ വാശിക്ക് ജഡ്ജിമാർ വിധേയരാകുന്നു.

പണ്ടിങ്ങനെയായിരുന്നില്ല സ്ഥിതി. അമേരിക്കയിലെ നീതിന്യായ സംവിധാനം കണ്ടുപഠിക്കാൻ യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് പണ്ട് പ്രതിനിധി സംഘങ്ങൾ വരാറുണ്ട്. അമേരിക്കയിലേതിനേക്കാൾ മൃദുവായ നീതിന്യായ സംവിധാനം ഒരിടത്തുമില്ല എന്ന് 1831 ൽ അമേരിക്കയിൽ പര്യടനം നടത്തിയ അലക്സിസ് ഡി ടോഖ്വിൽ എഴുതിയിരുന്നു. ഇന്നതല്ല സ്ഥിതി. ഇന്നൊരു യൂറോപ്യൻ രാജ്യവും നീതിന്യായ സംവിധാനം പഠിക്കാൻ അമേരിക്കയിലേക്ക് പ്രതിനിധിസംഘത്തെ അയക്കാറില്ല. അമേരിക്കയിലെ ശിക്ഷാവിധികൾ അമേരിക്കയോട് താരതമ്യപ്പെടുത്താവുന്ന മറ്റേതൊരു രാജ്യത്തിനേതിനേക്കാളും കടുത്തതാണെന്ന് കുറ്റകൃത്യങ്ങൾ സംബന്ധിച്ച ഒരു അഥോറിട്ടിയായ മൈക്കേൽ ടോൺറി എഴുതുന്നു.

ഇതൊരു സമീപകാലസംഭവവികാസമാണ്. 1925 മുതൽ 1975 വരെ ഒരു ലക്ഷം പേർക്ക് 110 പേർമാത്രമേ തടവിനു ശിക്ഷിക്കപ്പെടാറുള്ളൂ. പിന്നീടാണ് അക്രമം വർധിച്ചത്. അമേരിക്കയിൽ ആർക്കും തോക്കുകൊണ്ടു നടക്കാമെന്നതാണ് ഇതിന്നൊരു കാരണം. സാധാരണ കയ്യേറ്റക്കേസുകളാണെങ്കിൽ ന്യൂയോർക്കിലെ സ്ഥിതി ലണ്ടനിലേതിൽനിന്ന് വ്യത്യസ്തമല്ല. എന്നാൽ കൊലപാതകങ്ങൾ വളരെ കൂടുതലാണ്. മറ്റു പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിലേതിന്റെ നാലിരട്ടിയാണ് തോക്ക് ഉപയോഗിച്ചുള്ള അമേരിക്കൻ കൊലപാതകങ്ങൾ.

കൊള്ള, ഭവനഭേദനം തുടങ്ങിയ കുറ്റകൃത്യങ്ങൾ ആസ്ത്രേലിയ, കനഡ, ഇംഗ്ലണ്ട് എന്നിവിടങ്ങളിലാണ് കൂടുതൽ. എന്നാൽ ഇത്തരം കുറ്റകൃത്യങ്ങൾക്ക് അമേരിക്കയിലേ തടവുശിക്ഷ ലഭിക്കൂ; മാത്രമല്ല ദീർഘകാലത്തെ തടവുശിക്ഷ ലഭിക്കുകയുംചെയ്യും. നീണ്ടകാലത്തെ തടവുശിക്ഷ നൽകുന്ന അമേരിക്കൻ സ്വഭാവത്തിന്റെ ഒരു കാരണം മയക്കുമരുന്നിന്നെതിരായ പോരാട്ടമാണ്. 1980ൽ മയക്കുമരുന്നു ഉപയോഗിച്ചതിന്ന് ജയിലിൽ കിടന്നിരുന്നവർ 40,000 മാത്രമായിരുന്നുവെങ്കിൽ ഇന്ന് അത് അഞ്ചുലക്ഷം വരും. ഇത്തരക്കാരെ ജയിലിലിടുകമാത്രമാണ് പോംവഴിയെന്ന് അമേരിക്കൻ പ്രോസിക്യൂട്ടർമാർ വാദിക്കുന്നു. അപ്പോൾ മയക്കുമരുന്നിന്റെ ഡിമാന്റ് കുറയുമെന്നല്ല, മറ്റു കുറ്റകൃത്യങ്ങളും കുറയുമെന്നാണവർ പറയുന്നത്.

യഥാർത്ഥത്തിൽ കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണത്തിലല്ല അമേരിക്ക മുന്നിട്ടു നിൽക്കുന്നത്. ഓരോ കൊല്ലവും ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം മാത്രം നോക്കിയാൽ പല യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിൽ ശിക്ഷിക്കപ്പെടുന്നതിലേറെ പേർ ശിക്ഷിക്കപ്പെടുന്നുണ്ടെന്നുകാണാം. എന്നാൽ അമേരിക്കയിലെ ശിക്ഷാകാലാവധി വളരെ കൂടുതലാണ്. മോഷണത്തിന്ന് അമേരിക്കയിൽ ശരാശരി 16 മാസത്തെ തടവുശിക്ഷ ലഭിക്കുമ്പോൾ കനഡയിൽ അഞ്ചു മാസവും ഇംഗ്ലണ്ടിൽ ഏഴുമാസവും മാത്രമാണ് തടവുശിക്ഷ ലഭിക്കുന്നത്.

അമേരിക്കയിൽ കൂടുതൽപേർ ജയിലിലെത്തുന്നതിന്ന് വംശീയമായ കാരണമൊന്നുമില്ല. കറുത്തവർഗ്ഗക്കാരുടെ എണ്ണം കൂടുതലാണെന്നത് ശരിതന്നെ. പക്ഷെ കനഡ, ബ്രിട്ടൻ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളിലും തടവുകാരിൽ ന്യൂനപക്ഷക്കാരുടെ എണ്ണം കൂടുതലുണ്ട്.

പല വിദഗ്ധന്മാരുടേയും അഭിപ്രായത്തിൽ, അമേരിക്കയിൽ തടവുകാർ കൂടിയിരിക്കുന്നതിന്റെ പ്രധാന കാരണം ജനാധിപത്യമാണ്. അമേരിക്കയിലെ മിക്ക സംസ്ഥാനങ്ങളിലും ജഡ്ജിമാരും പ്രോസിക്യൂട്ടർമാരും തിരഞ്ഞെടുക്കപ്പെടുന്നവരാണ്. അതുകൊണ്ട് അവർ പൊതു ജനാഭിപ്രായത്തിന്നു വഴങ്ങുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരോട് കർക്കശമായി പെരുമാറണമെന്ന് അഭിപ്രായ വോട്ടെടുപ്പുകളിൽ പറയുന്നു. ലോകത്തിലെ മറ്റു രാജ്യങ്ങളിൽ സിവിൽ ഉദ്യോഗസ്ഥന്മാരാണ് ജഡ്ജിമാരായി വരുന്നത്. അതുകൊണ്ടുതന്ന അവർ ജനകീയാഭിപ്രായങ്ങൾക്ക് വഴങ്ങുന്നവരല്ല. ❑

# ഒരു ഭീകരവേട്ടയുടെ ഭീകരമായ കഥ

- ഹർഷ മന്ദർ -

ഭീകരനെന്ന് മുദ്രകുത്തപ്പെട്ട് നാനാതരം പീഡനങ്ങൾക്കിരയാക്കിയശേഷം അഞ്ചുമാസം ഹൈദരാബാദിലെ ജയിലിൽ നരകയാതനകൾ അനുഭവിച്ച ഇബ്രാഹിം ജുനൈദ് (25) ജാമ്യത്തിൽ പുറത്തുവന്നത് ഈയിടെയാണ്. തന്റെ നിരപരാധിത്വം തെളിയിക്കാനും മെഡിക്കൽ പഠനം തുടർന്നു പോകാനുമുള്ള മാർഗ്ഗങ്ങൾ ആരായുകയാണ് ഇന്ന് ഈ യുവാവ്. സിവിലിയൻ വേഷത്തിൽ വന്ന പോലീസ് തട്ടിക്കൊണ്ടുപോയി പലതരം ദണ്ഡനമുറകൾക്കിരയാക്കിയ ശേഷം ജയിലിലിടക്കപ്പെട്ട ഒരു യുവാവിന്റെ കഥയാണിത്.

കഴിഞ്ഞകൊല്ലം മേയ് 18ന്ന് വൈകുന്നേരം ഇബ്രാഹിം യുനാനി മെഡിക്കൽ കോളേജിൽനിന്ന് തൊട്ടടുത്ത മെക്ക മസ്ജിദിലേക്ക് സ്നേഹിതൻമാരോടൊപ്പം പോയി. പ്രാർത്ഥനയെല്ലാം കഴിഞ്ഞ് ആളുകൾ പിരിഞ്ഞുപോയിക്കൊണ്ടിരിക്കുന്നതിന്നിടയിൽ ഭയങ്കരമായൊരു സ്ഫോടനമുണ്ടായി. പേടിച്ചരണ്ട ആളുകൾ നാലുവഴിക്കും ചിതറിയോടി. ഇബ്രാഹിം ഓടുന്നതിന്നിടയിൽ കോളേജിലെ ഒരു പ്രൊഫസർ ബോധം കെട്ടുകിടക്കുന്നതുകണ്ടു. ഇബ്രാഹിം കൂട്ടുകാരെ വിളിച്ചുകൂട്ടി പ്രൊഫസറെ പ്രിൻസിപ്പാളിന്റെ കാറിൽ ആസ്പത്രിയിലെത്തിച്ചു. ഇതിന്നിടയിൽ ജനങ്ങൾ ബഹളം കൂട്ടുകയും പോലീസ് വെടിവയ്ക്കുകയും ചെയ്തു.

സ്ഥിതിഗതികൾ ആകെ അസ്വസ്ഥമായിരുന്നതിനാൽ ഇബ്രാഹിം ഒരാഴ്ച പുറത്തിറങ്ങിയില്ല. എട്ടാം ദിവസം പോലീസിന്റെ സമൺസ് കിട്ടി. പോലീസ് ദീർഘനേരം ചോദ്യം ചെയ്തു. ബോംബ് വച്ചതിന്റെ പിന്നിൽ ആരാണെന്നായിരുന്നു ചോദ്യം. തനിക്കറിയില്ലെന്നു പറഞ്ഞിട്ടും പോലീസ് വിട്ടില്ല. ഒടുവിൽ തർക്കമായി. ബോംബ് വച്ചത് മറ്റേതെങ്കിലും സമുദായക്കാരല്ല എന്നതിന്ന് എന്താണുറപ്പ് എന്ന് ഇബ്രാഹിം ചോദിച്ചത് പോലീസിന്ന് ഇഷ്ടപ്പെട്ടില്ല.

മുമ്പൊരിക്കൽ ഹൈദരാബാദിലെ ഒരു മുസ്ലീം ശ്മശാനത്തിൽ ഒരു ഗണേശവിഗ്രഹം പ്രത്യക്ഷപ്പെടുകയുണ്ടായി. മുസ്ലീമുകൾ ഇതിന്നെതിരെ പ്രതിഷേധിച്ചിരുന്നു. അന്നു അറസ്റ്റ് ചെയ്യപ്പെട്ടവരിലൊരാൾ ഇബ്രാഹിമായിരുന്നു. ഈ പഴയ കേസാവാം പോലീസിന്റെ കണ്ണിൽ ഇബ്രാഹിമിനെ നോട്ടപുള്ളിയാക്കിയത്. അല്ലെങ്കിൽ ഇബ്രാഹിം താടി വളർത്തിത്തുടങ്ങിയതാകാം കാരണം. അതുമല്ലെങ്കിൽ സിവിൽ ലിബർട്ടീസ് മോണിട്ടറിങ് കമ്മിറ്റി എന്ന പൗരസ്വാതന്ത്ര്യ സംഘടനയുമായി ബന്ധപ്പെട്ടതാകാം കാരണം.

കഴിഞ്ഞ സെപ്തമ്പറിൽ അദ്ധ്യാപകനും സുഹൃത്തുക്കളുമൊന്നിച്ച് ഇബ്രാഹിം ഒരു പഠന പര്യടനം നടത്തിയിരുന്നു. അതു കഴിഞ്ഞ് ഹൈദരാബാദ് റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങുന്ന അവസരത്തിൽ മൂന്നുപേർ ഇബ്രാഹിമിനെ പിടികൂടി. മിണ്ടിയാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി അവരയാളെ ഒരു വാഹനത്തിൽ കയറ്റി. കണ്ണുമൂടിക്കെട്ടിയായിരുന്നു യാത്ര.

രണ്ടുമണിക്കൂറിന്നുശേഷം കാർ നിന്നു. ഏതോ അജ്ഞാതകേന്ദ്രത്തിൽവച്ച് അവരയാളെ ദണ്ഡിക്കാൻ തുടങ്ങി. കാൽപിടിച്ചകറ്റി നിലത്തിരുത്തിയ ശേഷം ശരീരത്തിന്റെ നാനാഭാഗങ്ങളിൽ ഷോക്കേൽപ്പിക്കാൻ തുടങ്ങി. സഹിക്കവയ്യാതെ ബോധം കെടുമ്പോഴെല്ലാം അവർ ഉണർത്തും. വീണ്ടും പീഡനമാരംഭിക്കും. കുറച്ചുകഴിഞ്ഞപ്പോൾ അയാളെ വലിച്ചിഴച്ച് എയർകണ്ടീഷൻചെയ്ത ഒരു മുറിയിലിട്ടു. രാപ്പകൽ ഭേദമില്ലാതെ ഈ ദണ്ഡനം തുടർന്നപ്പോൾ മൂത്രദ്വാരത്തിലൂടെ രക്തം പോയിത്തുടങ്ങി.

അകത്ത് ഈ ദണ്ഡനം നടക്കുമ്പോൾ പുറത്ത് മനുഷ്യാവകാശപ്രവർത്തകരുടെ സമരം നടക്കുകയായിരുന്നു. ഇബ്രാഹിമിന്റെ കുടുംബാംഗങ്ങൾക്ക് പുറമെ ഇരുപതിൽപരം സംഘടനകളും സമരത്തിൽ പങ്കെടുത്തു. അവർ ഹൈക്കോടതിയിൽ ഹേബിയസ് കോർപ്പസ് ഹർജി സമർപ്പിച്ചു.

ഒടുവിൽ പോലീസ് സെക്കന്തരാബാദ് മെട്രോപൊലിറ്റിൻ മജിസ്ട്രേട്ട് മുമ്പാകെ ഇബ്രാഹിമിനേയും മറ്റു ചില ചെറുപ്പക്കാരേയും ഹാജരാക്കി. മുസ്ലീം യുവാക്കളെ ക്ഷോഭിപ്പിക്കാൻ ശ്രമിച്ചുവെന്നതായിരുന്നു കുറ്റം. തടവുകാരോട് വിവരം ചോദിക്കുകപോലും ചെയ്യാതെ എല്ലാറ്റിനേയും ജയിലിലടക്കാൻ മജിസ്ത്രേട്ട് കൽപന നൽകി. തടവുകാരിൽ ഓരോരുത്തരെയായി ജാമ്യത്തിൽ വിട്ടുവെങ്കിലും ഇബ്രാഹിമിനെ ജാമ്യത്തിൽ വിടുന്നതിനെ പോലീസ് അവസാനംവരെ എതിർത്തു. ഒടുവിൽ അഞ്ചുമാസം കഴിഞ്ഞപ്പോൾ അയാളെ 50,000 രൂപയുടെ ജാമ്യത്തിൽ വിട്ടു. ജാമ്യത്തിനുള്ള പണമുണ്ടാക്കാൻ ഇബ്രാഹിമിന്റെ അമ്മക്ക് വീട്ടിലുള്ള സ്വർണ്ണം മുഴുവൻ വിൽക്കേണ്ടിവന്നു.

ഇബ്രാഹിമും മറ്റു ചെറുപ്പക്കാരും ചേർന്ന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷനും ന്യൂനപക്ഷ കമ്മീഷനും അന്വേഷണം നടത്തിവരുന്നുണ്ട്. ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട യാതൊരു തെളിവും പോലീസിന്ന് ഇനിയും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ജിഹാദിനോട് അനുഭാവമുള്ളവർ എന്നാണ് കുറ്റപത്രത്തിൽ ഇവരെപ്പറ്റി പറയുന്നത്.

യുനാനി മെഡിക്കൽ കോളേജിൽ പഠനം തുടരാനാണ് ഇബ്രാഹിം ആഗ്രഹിക്കുന്നത്. പക്ഷെ കോളേജ് അധികൃതർ പേടിച്ചരണ്ടുകഴിയുകയാണ്. ഇബ്രാഹിമിനെ തിരിച്ചെടുക്കാൻ അവർക്ക് താൽപര്യമുണ്ട്. പക്ഷെ അതിന്റെ ഭവിഷ്യത്തിനെപ്പറ്റി അവർക്ക് ആശങ്കയുമുണ്ട്.

ഹൈദരാബാദിലുണ്ടായ സ്ഫോടനം സംബന്ധിച്ച് പോലീസ് ഒട്ടേറെ ചെറുപ്പക്കാരെ കസ്റ്റഡിയിലെടുത്ത് ഭേദ്യം ചെയ്ത് അവശരാക്കിയിട്ടുണ്ട്. ഇവരെല്ലാം ഇപ്പോൾ എന്തുചെയ്യണമെന്നറിയാതെ അങ്കലാപ്പിൽ കഴിയുന്നു. പോലീസ് കാണിച്ച അതിക്രമങ്ങളെപ്പറ്റി പരസ്യമായി സംസാരിച്ചാൽ പോലീസ് ക്ഷോഭിക്കും എന്തെങ്കിലും കള്ളക്കേസുണ്ടാക്കി പോലീസ് വീണ്ടും പിടിച്ചുകൊണ്ടുപോയെന്നുവരും. ഒരു പക്ഷെ കൃത്രിമ ഏറ്റുമുട്ടൽ സൃഷ്ടിച്ച് വെടിവച്ചുകൊന്നുവെന്നും വരാം. നേരെമറിച്ചു മിണ്ടാതിരിക്കുന്നതും അപകടകരമാണ്. നാളെ ഇതെല്ലാം ആവർത്തിച്ചുവെന്നുവരാം.

ഇബ്രാഹിമാകട്ടെ, രണ്ടും കൽപിച്ചിറങ്ങിയിരിക്കുകയാണ്. അനീതിക്കെതിരെ മുന്നിൽനിന്നുതന്നെ താൻ പോരാടുമെന്ന് അദ്ദേഹം പറയുന്നു. ❑

# ക്രൈസ്തവർക്കിടയിലും അയിത്തം, അക്രമം

പെരിയോരുടെ നാടാണെങ്കിലും തമിഴ്നാട്ടിലെ ഉൾനാടൻ പ്രദേശങ്ങളിൽ ഇന്നും അയിത്താചരണം നിലവിലുണ്ട്. ഹിന്ദുക്കളുടെ ശാപമാണത്. അയിത്താചരണത്തിന്റെ നാണക്കേട് സഹിക്കാനാകാതെ ഒട്ടേറെ കീഴ്ജാതിക്കാർ ഇസ്ലാമിലേക്കും ക്രിസ്തുമതത്തിലേക്കും മത പരിവർത്തനം നടത്തിയിട്ടുമുണ്ട്. പതിനാറടിയോ അറുപത്തിനാലടിയോ ദൂരെ മാറിനിൽക്കേണ്ട ഒരു അയിത്തജാതിക്കാരൻ നാളെ മുഹമ്മദായോ ഡേവീസായോ വന്നാൽ കരപ്രമാണിമാരുടെ മുറ്റത്ത്വരെ കയറിച്ചെല്ലാമെന്ന ഒരു കാലഘട്ടം ഇന്ത്യയിൽ നിലവിലുണ്ടായിരുന്നു. മതപരിവർത്തനങ്ങൾക്ക് പ്രേരകമായ മുഖ്യഘടകവും അതുതന്നെയായിരുന്നു.

ഇതൊക്കെ പഴയകഥ. ഇന്ത്യ സ്വാതന്ത്ര്യം നേടി. അയിത്താചരണം കുറ്റകരമാക്കി. ഇന്നലെവരെ അയിത്താചരണത്തിലൂടെ അവഹേളിച്ചിരുന്നവരെ ഇപ്പോൾ സംവരണമടക്കമുള്ള ഒട്ടേറെ പ്രത്യേകാനുകൂല്യങ്ങൾകൊണ്ട് നാം അഭിഷേകം നടത്തുന്നു. ഇതെല്ലാം ഏട്ടിലെ കഥ; നാട്ടിൽ നടന്നുവരുന്നതിന്ന് ഇന്നും വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല.

അയിത്താചരണം പണ്ട് ഹിന്ദുക്കളുടെ തനതായ നാണക്കേടായിരുന്നുവെങ്കിൽ, അതിപ്പോൾ മതപരിവർത്തനത്തിലൂടെ മറ്റു മതങ്ങളിലേക്കും പടർന്ന് പിടിച്ചിരിക്കുന്നു. മുപ്പതു കൊല്ലം മുമ്പ് മണ്ഡൽകമ്മീഷന്റെ റിപ്പോർട്ടിൽതന്നെ, ഇന്ത്യയിലെ എല്ലാ സമുദായങ്ങളിലും ജാതീയതയുണ്ടെന്നു പറഞ്ഞിരുന്നുവെങ്കിലും, അന്ന് അത് ഒരു അതിശയോക്തിയായേ കണക്കാക്കിയിരുന്നുള്ളൂ. എന്നാൽ ഈയിടെയുണ്ടായ പല സംഭവങ്ങളും അതൊരു വസ്തുതയാണെന്നു തെളിയിച്ചു. സിക്കുകാർക്കിടയിലെ ജാതി വിവേചനം സംബന്ധിച്ച റിപ്പോർട്ടുകൾ ഈയിടെ ധാരാളമായി പുറത്തുവരുന്നുണ്ട്. ഇപ്പോഴിതാ തമിഴ്നാട്ടിലെ ക്രൈസ്തവർക്കിടയിൽനിന്നും അത്തരം റിപ്പോർട്ടുകൾ പുറത്തുവന്നു തുടങ്ങിയിരിക്കുന്നു.

തമിഴ്നാടിന്റെ വടക്കുകിഴക്കെ മൂലയിൽ, പുതുശേരിക്കടുത്ത്, വില്ലുപുരം ജില്ലയിലെ എരൈയൂർ ഗ്രാമത്തിലെ ദളിത ക്രിസ്ത്യാനികൾക്കെതിരെ സവർണ്ണ ക്രിസ്ത്യാനികൾ നടത്തിവരുന്ന അയിത്താചരണം ഈയിടെ സംഘട്ടനത്തിലും വെടിവെപ്പിലുമെല്ലാം കലാശിച്ചു. സംഖ്യാബലത്തിലും മറ്റു തരത്തിലും ദുർബ്ബലരായ ദളിതക്രിസ്ത്യാനികൾക്കെതിരെ സവർണക്രിസ്ത്യാനികൾ അക്രമം മാത്രമല്ല സാമ്പത്തിക-സാമൂഹ്യ ഉപരോധംകൂടി അഴിച്ചുവിട്ടിരിക്കുകയാണ്.

പ്രശ്നം പെട്ടെന്ന് ഉത്ഭവിച്ചതല്ല സവർണഹിന്ദുക്കൾ അയിത്തജാതിക്കാരോട് പെരുമാറിയിരുന്നതുപോലെത്തന്നെയാണ് സവർണക്രിസ്ത്യാനികൾ അവർണക്രിസ്ത്യാനികളോടും പെരുമാറിയിരുന്നത്. അവർണക്രിസ്ത്യാനികൾക്ക് വഴി നടക്കാൻപോലും അനുമതി നിഷേധിച്ചിരുന്നു.

ഈ പ്രശ്നം 1999 ഫെബ്രുവരി 16ന്ന് സംഘട്ടനത്തിന്റെ വക്കത്തെത്തി. ഫാ. എ.സി. ഇരുടയനാഥൻ എന്ന പുരോഹിതന്റെ അമ്മ തലേദിവസം മരിച്ചിരുന്നു. ഒട്ടേറെ വൈദികന്മാരും കന്യാസ്ത്രീകളും ശവസംസ്കാരചടങ്ങിൽ പങ്കെടുക്കാനെത്തി. മൃതദേഹം പ്രധാന റോഡിലൂടെ പള്ളിയിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ സവർണക്രൈസ്തവർ തടഞ്ഞു. (പ്രധാന റോഡിൽ

ദളിതക്രൈസ്തവർ പ്രവേശിക്കുന്നത് സവർണക്രൈസ്തവർ മുമ്പുതന്നെ നിരോധിച്ചിരുന്നു.) മൃതദേഹം പ്രധാന റോഡിലൂടെ കൊണ്ടുപോകാമെന്ന് ഇടവക വൈദികൻ പറഞ്ഞുവെങ്കിലും സവർണക്രൈസ്തവർ വഴങ്ങിയില്ല. അവർ കല്ലും മറ്റുമായി ആക്രമണത്തിന്നു മുതിർന്നു. വിവരമറിഞ്ഞ് പോലീസ് എത്തിയെങ്കിലും അവർ സവർണപക്ഷത്താണ് ചേർന്നത്. കുഴപ്പം ഒഴിവാക്കാൻ അയിത്തക്കാർക്ക് നിശ്ചയിച്ചിട്ടുള്ള വളഞ്ഞവഴിയിലൂടെ മൃതദേഹം കൊണ്ടുപോകാൻ അവർ ഉപദേശിച്ചു. ഇതിന്നിടയിൽ ആർച്ച് ബിഷപ്പ് മൈക്കേൽ അഗസ്റ്റിൻ എത്തിച്ചേർന്നു. സവർണക്രൈസ്തവർ അദ്ദേഹത്തെ തടയുകയും അധിക്ഷേപിക്കുകയും ചെയ്തു. പോലീസ് മേധാവിമാർ ആർച്ച് ബിഷപ്പിനേയും കണ്ട് സംസാരിച്ചു. കുഴപ്പം ഒഴിവാക്കാൻ ദളിതവഴിയിലൂടെ മൃതദേഹം കൊണ്ടുപോകണമെന്ന് അവർ ആവർത്തിച്ചുപദേശിച്ചു. ഇതിന്നിടയിൽ സവർണ്ണ ക്രൈസ്തവർ പള്ളിപൂട്ടി. പോലീസ് നിർബ്ബന്ധിച്ചതു മൂലം മൃതദേഹം ദളിതരുടെ വഴിയിലൂടെ ദളിതരുടെ ശ്മശാനത്തിൽ കൊണ്ടുപോയി സംസ്കരിക്കേണ്ടിവന്നു.

പള്ളികളിലും ശ്മശാനത്തിലും പൊതുവഴിയിൽപോലും തങ്ങൾക്ക് പ്രവേശനം നിഷേധിക്കുന്നതിന്നെതിരെ ദളിത ക്രിസ്ത്യാനികൾ സമരം തുടർന്നുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. ഒടുവിൽ അവർ സ്വന്തം ആവശ്യത്തിന്നായി ചെറിയൊരു പള്ളിയുണ്ടാക്കി, ക്രമത്തിൽ ഇതു വലുതായി; പഴയ പള്ളിക്ക് ബദലായി മറ്റൊരു പള്ളി രൂപംകൊണ്ടു. എന്നാൽ ഈ പള്ളിക്ക് അംഗീകാരം നൽകാൻ ബിഷപ്പ് കൂട്ടാക്കിയില്ല. ഒരു ഗ്രാമത്തിൽ ഒന്നിലേറെ പള്ളി അനുവദിക്കില്ലെന്ന് അദ്ദേഹം ശഠിച്ചു.

ബിഷപ്പിന്റെ ഈ ശാഠ്യത്തിന്നെതിരെ ദളിത് ക്രൈസ്തവർ മാർച്ച് 7ന്ന് മരണം വരെ ഉപവാസം ആരംഭിച്ചിരുന്നു. മാർച്ച് 9ന്ന് സവർണ ക്രിസ്ത്യാനികൾ ദളിതക്രൈസ്തവരുടെ കോളനിയുടെ നേരെ സംഘടിതമായ ഒരാക്രമണം നടത്തി. മുപ്പതിൽപരം ദളിതർക്ക് പരിക്കേറ്റതിന്നു പുറമെ എൺപതോളം വീടുകൾ തല്ലിത്തകർക്കുകയും ചെയ്തു. ഇതിന്നിടയിൽ പോലീസ് നടത്തിയ വെടിവെപ്പിൽ സവർണ ക്രൈസ്തവരിൽ രണ്ടുപേർ മരിച്ചു. പോലീസ് സൂപ്രണ്ടടക്കം ഏഴുപോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്. മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ കയ്യോടെ നഷ്ടപരിഹാരം പ്രഖ്യാപിച്ചുവെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ച ദളിത ക്രൈസ്തവർക്ക് സർക്കാർ സഹായമൊന്നും പ്രഖ്യാപിച്ചിട്ടില്ല. മാത്രമല്ല അവർ സാമ്പത്തികോപരോധത്തിന്നും പാത്രമായിരിക്കുന്നു. ദളിതക്രൈസ്തവരിൽ മിക്കവരും കർഷക തൊഴിലാലികളാണ്. ഭൂമിയെല്ലാം സവർണ ക്രൈസ്തവരുടെ അധീനത്തിലുമാണ്.

മാർച്ച് 9ന്ന് സവർണർ നടത്തിയ ആക്രമണത്തിന്റ പ്രധാന ലക്ഷ്യം ദളിതരുടെ സാമ്പത്തിക ശക്തി തകർക്കുക എന്നതായിരുന്നു. ദളിതരുടെ ടെലിവിഷൻ സെറ്റ്, ഫാൻ, സ്കൂട്ടർ, മേശ, കസേര, വീട്ടുസാമാനങ്ങൾ എന്നിവയെല്ലാം തല്ലിത്തകർത്തവയിൽ പെടും. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ തുടങ്ങിയവർ പോലും ആക്രമണത്തിന്നിരയായിട്ടുണ്ട്. ദളിതർ നിർമ്മിച്ച സഹായമാതാ പള്ളിയും അക്രമണത്തിന്നിരയായി. പള്ളിയിലെ ഉച്ചഭാഷിണി, ഡി.വി.ഡി., കസേരകൾ എന്നിവയെല്ലാം തകർക്കപ്പെട്ടിട്ടുണ്ട്. ഈ പരാക്രമങ്ങൾക്കിടയിൽ ഹിന്ദുക്കളായ ദളിതുകളുടെ വീടുകളും ആക്രമിക്കപ്പെട്ടു.

എ. മാർക്സ്, പ്രഭാകൽവിമണി എന്നീ മനുഷ്യാവകാശ പ്രവർത്തകരുടെ നേതൃത്വത്തിലുള്ള ഒരു സംഘം എരൈയൂർ സന്ദർശിച്ച് അന്വേഷണം നടത്തുകയുണ്ടായി. അയിത്താചരണം ഒഴിവാക്കാൻ പള്ളിക്കാർ ശ്രദ്ധിച്ചിരുന്നു

# അമർസിങ്ങിനുള്ള ഭൂദാന പരമ്പര

മുൻമുഖ്യമന്ത്രി മുലായം സിങ് യാദവിന്റെ വലംകയ്യും സമാജ്‌വാദി പാർട്ടിയുടെ ജനറൽ സെക്രട്ടറിയുമായ അമർസിങ്ങിന്ന് തലസ്ഥാന നഗരിയിൽ ഗോമതീ നഗറിൽ സൗജന്യമായി ഭൂമി നൽകിയത് ഒരന്വേഷണത്തിന്ന് വിധേയമാക്കാൻ മുഖ്യമന്ത്രി മായാവതി കല്പന നൽകി. നഗരവികസന കാര്യ പ്രിൻസിപ്പൽ സെക്രട്ടറി എസ്.ആർ. ലാഖയെയാണ് അന്വേഷണത്തിന്ന് നിയോഗിച്ചിരിക്കുന്നത്.

സാമ്പത്തികമായി ദുർബ്ബലരായവർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരമാണ് അമർസിങ്ങിന്ന് ഭുമി നൽകിയിരുന്നത്. അമർസിങ്ങ് 1993 ൽ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. അന്ന് മുലായം സിങ്ങായിരുന്നു മുഖ്യമന്ത്രി. ഇതിനെത്തുടർന്ന് ഗോമതീ നഗറിലെ വികാസ് ഖണ്ഡിൽ 35 ചതുരശ്ര മീറ്റർ ഭൂമി അനുവദിക്കുകയും ചെയ്തു.

സാമ്പത്തികമായി ദുർബ്ബലരായവർക്ക് ഭൂമി നൽകണമെങ്കിൽ, അവരുടെ വാർഷികവരുമാനം 12,000 രൂപയിൽ താഴെയാകണമെന്നാണ് നിയമം. അമർസിങ്ങ് ഈ പരിധിക്കകത്ത് വരാത്തതിനാൽ അദ്ദേഹത്തിന്നനുവദിച്ച ഭൂമി റദ്ദാക്കി.

പിന്നീട് ഗോമതീ നഗറിലെ വിപുൽഖണ്ഡിൽ അമർസിങ്ങിന്ന് 288 ചതുരശ്ര മീറ്റർ സ്ഥലം അനുവദിച്ചു. കുറച്ചു മാസങ്ങൾക്കു ശേഷം ഇതു റദ്ദാക്കി 354 ചതുരശ്ര മീറ്ററിന്റെ മറ്റൊരു ഭൂമി ആ പ്രദേശത്തുതന്നെ നൽകി.

ഒടുവിൽ അനുവദിച്ച 354 ചതുരശ്ര മീറ്റർ സ്ഥലം അമർസിങ്ങിന്റെ സ്വന്തം ഭൂമിയോട് ചേർന്നു കിടക്കുന്നതാണെന്നതാണ് ഈ ഭൂദാനത്തിന്റെ പ്രത്യേകത. അമർസിങ്ങ് സ്വന്തം സ്ഥലത്ത് ഐശ്വര്യ എന്ന പേരിൽ വലിയൊരു ബംഗ്ലാവ് നിർമ്മിച്ചിട്ടുണ്ട്. ഈ ഫെബ്രുവരി അവസാനത്തിലായിരുന്നു ഐശ്വര്യ യിലെ ഗൃഹ പ്രവേശം. മുലായംസിങ് യാദവ്, അമിതാഭ് ബച്ചൻ, മകൻ അഭിഷേക് ബച്ചൻ, മകന്റെ ഭാര്യ ഐശ്വര്യ, സമാജ് വാദി എം.പി. ജയപ്രദ തുടങ്ങിയവരെല്ലാം പാലുകാച്ചൽ ചടങ്ങിൽ സംബന്ധിച്ചിരുന്നു.

അമർസിങ്ങിന്റെ 708 ചതുരശ്ര മീറ്റർ വരുന്ന സ്ഥലത്തിന്റെ ഭാഗമായിത്തീരും സർക്കാർ നൽകിയ 354 ചതുരശ്ര മീറ്റർ എന്നതാണ് വിവാദത്തിന്നിടയാക്കിയിരിക്കുന്നത്. ❑

---

വെങ്കിൽ ഈ അനിഷ്ട സംഭവങ്ങളെല്ലാം ഒഴിവാക്കാമായിരുന്നുവെന്ന് അവർ പറയുന്നു.

ഇന്ത്യയിലെ രണ്ടരകോടി വരുന്ന ക്രൈസ്തവരിൽ എഴുപതുശതമാനവും ദളിത് വിഭാഗത്തിൽപെട്ടവരാണ്. എറൈയൂർ ഗ്രാമത്തിൽ 20,000 സവർണ ക്രൈസ്തവരാണുള്ളത് (വണ്ണിയർ സമുദായം) ദളിത് ക്രൈസ്തവർ 1500 മാത്രമേ വരൂ. പക്ഷെ 30 വൈദികന്മാർക്കും 55 കന്യാസ്ത്രീകൾക്കും ജന്മം നൽകിയ നാടാണ് എറൈയൂർ.

ഏതാണ്ട് 300 കൊല്ലത്തെ പഴക്കമുള്ളതാണ് എറൈയൂർ ഇടവക. തമിഴ്നാട്ടിൽ ക്രിസ്തുമതം ആദ്യമായി വേരുപിടിച്ചുവളർന്ന ഗ്രാമങ്ങളിലൊന്നാണിത്. ജസ്യൂട്ട് വേദികനായ റവ.ഫ. ഫ്രെയർ 1697നടുത്ത് സ്ഥാപിച്ചതാണ് ഇവിടത്തെ പള്ളിയെന്നു പറയുന്നു. ❑

# തലസ്ഥാന നഗരിക്കടുത്ത് ഒരു ബൗദ്ധസർവ്വകലാശാല

- ദേവർഷി ദാസ് ഗുപ്ത -



അംബേദ്കറുടെ ദീക്ഷാസ്വീകരണത്തിന്റെ ശില്പരൂപം

ഭാവിയിലേക്കാവശ്യമായ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കാനുള്ള ഇൻസ്റ്റിട്യൂട്ടുകളാണ് നെഹ്റു സ്വപ്നം കണ്ടിരുന്നത്. അമ്പതാണ്ടുകൾക്കു ശേഷം യു.പി. മുഖ്യമന്ത്രി മായാവതി സ്വപ്നം കാണുന്നതും അത്തരമൊരു സ്ഥാപനമാണ്. ഒരു വ്യത്യാസമേയുള്ളൂ- ദുർബല ജന വിഭാഗങ്ങളുടെ കാര്യത്തിൽ മായാവതി പ്രത്യേകം ഊന്നൽ നൽകുന്നു.

ദൽഹി പരിസരത്തിലുള്ള ഗ്രേറ്റർ നോയിഡയിൽ മായാവതി സ്ഥാപിക്കുന്ന ഗൗതമബുദ്ധ യൂനിവേഴ്സിറ്റിയിൽ ഈ വർഷം (2008-09) അധ്യയനം ആരംഭിക്കും. അത്യാധുനിക സർവ്വകലാശാലയായിരിക്കും ഇതെങ്കിലും ബൗദ്ധാദർശങ്ങളായിരിക്കും അതിന്റെ മർമ്മം.

ടാജ് എക്സ്പ്രസ് ഹൈവേക്കടുത്തായി 511 ഏക്കറിലാണ് സർവ്വകലാശാല സ്ഥാപിക്കുന്നത്. യൂനിവേഴ്സിറ്റിയിൽ ആദ്യം ആരംഭിക്കുന്നതാകട്ടെ ഒരു എം.ബി.എ. കോഴ്സാണ്. ഏതാണ്ട് നൂറു വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാണ് പ്ലാൻ. വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയയും അധ്യാപകരുടെ നിയമനവും ആരംഭിച്ചിട്ടേയുള്ളൂ.

സർവ്വകലാശാലക്കുള്ള സന്നാഹങ്ങൾ വൻതോതിലാണ് നടന്നുവരുന്നത്. 140,000 ചതുരശ്ര അടി വിസ്തീർണ മുള്ളതായിരിക്കും ലൈബ്രറി; 5000 ഒറ്റ മുറിയോടുകൂടിയ പടുകൂറ്റൻ ഹോസ്റ്റലും തയ്യാറാക്കുന്നുണ്ട്.

എം.ബി.എ.ക്കു പുറമെ ബയോടെക്നോളജി നാനോ ടെക്നോളജി ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ ആധുനിക വിഷയങ്ങളിൽ ഗവേഷണത്തിന്നും സൗകര്യമുണ്ടാക്കുന്നുണ്ട്. ബുദ്ധമത പഠനത്തിന്നുള്ള സംവിദാനം വേറെയുണ്ടാകും.

മായാവതി മൂന്നാം തവണ മുഖ്യമന്ത്രിയായ 2002 ലാണ് ഈ സർവ്വകലാശാല ആരംഭിച്ചത്. മായാവതി അധികാര ഭ്രഷ്ഠയായതോടെ ഈ പദ്ധതിയും അടന്തയിലായി. കഴിഞ്ഞ കൊല്ലം മായാവതി വീണ്ടും അധികാരത്തിൽ വന്നതോടെയാണ് പദ്ധതി പുനരുജ്ജീവിപ്പിക്കപ്പെട്ടത്. അഞ്ചുകൊല്ലം വെറു

# ദക്ഷിണേന്ത്യയിലൊരു വെള്ളാന ജനിക്കുന്നു

**- സുദർശൻ റോഡ്രിഗസ് -**

സേതുസമുദ്രം കപ്പൽചാൽ സംബന്ധിച്ച വിവാദങ്ങൾ അതിന്റെ സാംസ്കാരികവും രാഷ്ട്രീയവുമായ വശങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. ഇതിന്നിടയിൽ ഈ പദ്ധതിക്കെതിരായ പ്രാഥമികമായ വാദങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഈ പദ്ധതിയുടെ പാരിസ്ഥിതികവും സാമ്പത്തികവുമായ വശങ്ങളെക്കുറിച്ചുള്ള വാദമെല്ലാം മൂന്നുകൊല്ലമായി അവഗണിക്കപ്പെട്ടുകിടക്കുകയാണ്. ചില രാഷ്ട്രീയ കക്ഷികൾ ഈ പദ്ധതിയെ പിന്താങ്ങുന്നതിന്റെ ഒരേ ഒരു കാരണം മറ്റു ചില പാർട്ടികൾ ഇതിനെ എതിർക്കുന്നുണ്ടെന്നതാണ്! അതുകൊണ്ടുതന്നെ പാരമ്പര്യ വാദികളും ആധുനികരും ചരിത്രത്തേയും പത്തു ലക്ഷം വരുന്ന മത്സ്യബന്ധനക്കാരുടെ ജീവിതത്തേയും മറന്നുപോകുന്നു.

ഒന്നാമതായി പരിഗണിക്കേണ്ടത് ആ പ്രദേശത്തിന്റെ പാരിസ്ഥിതികമായ കാര്യമാണ്. മന്നാർ ഉൾക്കടൽ ഒരു ബയോസ്ഫിയർ സംരക്ഷിത മേഖലയാണ്. നിർദ്ദിഷ്ട കപ്പൽചാലും ആഡംസ് ബ്രിഡ്ജും ഇതിൽ പെടുന്നു. ഇന്ത്യയുടെ ഏറ്റവും വലിയ ബയോസ്ഫിയർ സംരക്ഷിത മേഖലയാണിത്. 3600 ജന്തു ജീവജാലങ്ങളുടെ അധിവാസ കേന്ദ്രമാണിത്. ഇതിൽ 377 എണ്ണവും ഈ പ്രദേശത്തു മാത്രം കാണുപ്പെടുന്നവയുമാണ്.

ഇവിടം കുഴിച്ച് കപ്പൽചാലുണ്ടാക്കുന്നതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും. അസാധാരണമായത്ര മണ്ണടിയുന്ന പ്രദേശമാണ് പാൽക് കടലിടുക്ക്. പക്ഷെ അതിപ്രധാനമായ ഇക്കാര്യം ഈ പദ്ധതി സംബന്ധിച്ച ഒരു രേഖയിലും കാണുന്നില്ല. പരിസ്ഥിതി ആഘാത റിപ്പോർട്ടിൽ പോലും ഇക്കാര്യം പരമാർശിക്കുന്നില്ല. പാൽക് ഉൾക്കടലിൽനിന്ന് മാന്നാർ കടലിടുക്കിലേക്ക് കൊല്ലത്തിലൊരിക്കൽ മണ്ണൊഴുകിയെത്തുന്നതായി സൂചനയുണ്ട്. അതിനാൽ 300 മീറ്റർ വീതിയിൽ ഒരു കപ്പൽചാൽ നിർമ്മിക്കുന്നത് വലിയ പ്രത്യാഘാതമുണ്ടാക്കും. മാന്നാർ ഉൾക്കടലിലേ ➡

---

തെപോയി.അതിനാൽ ഇക്കൊല്ലംതന്നെ ക്ലാസുകൾ ആരംഭിക്കു മെന്ന് സർവ്വകലാശാലാ വൈസ് ചാൻസലറായ നിർജാർ പറഞ്ഞു. ആയിരം കോടി ക. ചെലവാക്കി അഞ്ചുകൊല്ലംകൊണ്ട് സർവ്വകലാശാലയുടെ പണി പൂർത്തിയാക്കാനാണ് പ്ലാൻ.

ബുദ്ധമതപഠനത്തിന്ന് ഒരു പ്രത്യേക വിഭാഗമാരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തായ്‌ലണ്ടിലെ ബൗദ്ധ സ്ഥാപനങ്ങളുമായി ചർച്ച നടത്തി വരികയാണ്.

ഒരു ബൗദ്ധ സർവ്വകലാശാല വരുന്നുവെന്നത് ഇന്ത്യയിലെ ബുദ്ധമതക്കാരേയും ആവേശഭരിതരാക്കിയിട്ടുണ്ട്. ഇന്ത്യയിലെ പുതിയ ബുദ്ധമതാനുയായികളെപ്പറ്റി പഠനം നടത്താൻ ഇത് സഹായിക്കുമെന്ന് ബൗദ്ധപണ്ഡിതനായ മങ്കേശ് ദാഹിവാല ആശ പ്രകടിപ്പിച്ചു. ഇന്ത്യയിൽ ഒട്ടേറെ പേർ ബുദ്ധമതത്തിൽ ചേർന്നിട്ടുണ്ടെങ്കിലും, ആ മത പരിവർത്തനം അവരുടെ ജീവിതത്തിലുളവാക്കിയ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മാറ്റങ്ങളക്കുറിച്ച് ഇതുവരെ ഒരു പഠനവും നടത്തിയിട്ടില്ല.

1956 ഒക്ടോബറിലാണ് അംബേദ്കർ മൂന്നുലക്ഷം അനുയായികളോടൊപ്പം ബുദ്ധമതത്തിൽ ചേർന്നത്. ബൗദ്ധ സർവ്വകലാശാലക്ക് 511 ഏക്കർ ഭുമിയുണ്ടെങ്കിലും അതിനിയും വികസിപ്പിച്ചിട്ടില്ല. എന്നാൽ അംബേദ്കറുടെ ദീക്ഷാസ്വീകരണത്തിന്റെ ശിൽപരൂപം അതിൽ സംവിധാനം ചെയ്തിട്ടുണ്ട്. ❏

ക്കുള്ള മൺ പ്രവാഹം വർധിച്ചേക്കും. അവിടത്തെ പവിഴപുറ്റ്, മത്സ്യങ്ങൽ തുടങ്ങിയവയെ ഇതു ബാധിക്കും.

1972 ലെ ഇന്ത്യൻ വന്യജീവി നിയമപ്രകാരം സംരക്ഷിതമായ വന്യജീവികൾക്ക് ഈ പദ്ധതി വിനാശകരമാകും. നാഷനൽ എൻവയറൻമെന്റൽ ആൻഡ് എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിന്റെ പരിസ്ഥിതി ആഘാത റിപ്പോർട്ടിൽ ഇക്കാര്യം പറയുന്നുണ്ട്. കനാൽ നിർമ്മാണം മൂലം 36 ചതുരശ്ര കിലോമീറ്റർ സ്ഥലത്തെ ജന്തുക്കളും ജീവജാലങ്ങളും നശിക്കുമെന്ന് ഇതിൽ പറയുന്നു. അതിന്നും പുറമെ പാൽക്ക് കടലിടുക്കിലും ഉൾക്കടലിലും വ്യാപകമായ നാശം സംഭവിക്കും.

കടലിൽ കപ്പൽചാൽ നിർമ്മിക്കുന്നതോടെ ആ പ്രദേശത്തെ സസ്യ-ജന്തുജാലങ്ങൾ പാടെ നശിക്കും. ഇവയെല്ലാം 1972 ലെ വന്യജീവി നിയമ പ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുള്ളവയാണ്. സ്പീഷീസിന്റെ ഒന്നാം പട്ടികയിൽ പെട്ടവയാണ് പവിഴപുറ്റുകൾ അതായത് കടുവക്ക് നൽകിയിട്ടുള്ള തുല്യസ്ഥാനമാണ് ഇവയ്ക്കും നൽകിയിരിക്കുന്നത്. ഇതൊന്നും ആരും ശ്രദ്ധിക്കുന്നില്ലെന്നത് നടുക്കമുളവാക്കുന്ന കാര്യമാണ്. ഗവർമ്മേണ്ട് സ്വന്തം നിയമങ്ങളെത്തന്നെ ഇവിടെ അവഗണിക്കുന്നു!

പദ്ധതികൊണ്ട് അപാരമായ ഗുണമുണ്ടാകുമെങ്കിൽ, ജനങ്ങളുടെ ഉപജീവന മാർഗ്ഗം നശിപ്പിക്കുന്നതിന്നും ജൈവ വൈവിധ്യം തകർക്കുന്നതിന്നും ഒരു ന്യായമെങ്കിലും പറയാമായിരുന്നു. കപ്പൽചാൽ നിർമ്മിച്ചാൽ കപ്പൽ യാത്രയുടെ സമയം കുറെ ലാഭിക്കാമെന്നതുമാത്രമാണ് ഗവർമ്മേണ്ടിന്നു പറയാനുള്ളൊരു ന്യായം. രംബോലിന്റെ പ്രോജക്ട് റിപ്പോർട്ടിൽ പറയുന്നത് തൂത്തക്കുടിയിൽ നിന്നോ കന്യാകുമാരിയിൽനിന്നോ പുറപ്പെടുന്ന കപ്പലിന്ന് 16 മുതൽ 20 മണിക്കൂർവരെ സമയം ലാഭം കിട്ടുമെന്നാണ്. അപ്പോൾ ഒരു യാത്രക്ക് 17962 ഡോളർ മിച്ചം കിട്ടും. ഇതിൽ പകുതി കപ്പൽചാൽ ഉപയോഗിക്കുന്നതിന്നുള്ള കൂലിയായി വസൂലാക്കാമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. യൂറോപ്പിൽനിന്നോ ആഫ്രിക്കയിൽനിന്നോ വരുന്ന കപ്പലാണെങ്കിൽ സമയലാഭം വെറും എട്ടുമണിക്കൂറായിരിക്കും അപ്പോൾ ഒരു യാത്രക്കു നഷ്ടം 4992 ഡോളറായിരിക്കും. ഇത്തരം കപ്പലുകളൊന്നും കപ്പൽചാൽ ഉപയോഗിക്കില്ലെന്നർത്ഥം. എന്നാൽ പ്രോജക്ട് റിപ്പോർട്ടിൽ മറിച്ചാണ് പറയുന്നത്. യൂറോപ്പ്, ആഫ്രിക്ക, പശ്ചിമേഷ്യ എന്നിവിടങ്ങളിൽനിന്നുള്ള കപ്പലുകളിൽ 65 ശതമാനവും ഈ കപ്പൽചാൽ ഉപയോഗിക്കുമെന്നു കണക്കാക്കിയിരിക്കുന്നു; ആ വക വരുമാനംകൂടി കണക്കാക്കിയാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കപ്പൽച്ചാലിൽകൂടിയുള്ള യാത്രക്ക് ചുമത്തുന്ന കൂലി ഗണ്യമായി വെട്ടികുറക്കാത്തപക്ഷം ഈ കപ്പലുകളൊന്നും കപ്പൽചാൽ ഉപയോഗിക്കില്ല. കപ്പൽചാൽ നിരുപയോഗമായി വെറുതെ കിടക്കും.

പക്ഷെ അതുമാത്രമല്ല പ്രശ്നം. 30,000 ടണ്ണോ, അതിൽ കുറവോ ഭാരമുള്ള കപ്പലുകൾക്കേ ഈ കപ്പൽചാൽ (10 മീറ്റർ) ഉപയോഗിക്കാൻ പറ്റൂ. (സൂയസ് കനാൽ 12 മീറ്റർ ആഴം) ഇപ്പോൾ പഴയതരം കപ്പലുകൾ അപൂർവ്വമാണ്. 60,000 ടണ്ണിന്റെ കപ്പലുകളിലാണ് ചരക്കു ഗതാഗതത്തിന്റെ 62 ശതമാനവും നടക്കുന്നത്. 1970 കളിൽ നിർമ്മിക്കപ്പെട്ടത് 75,000 ടണ്ണിന്റെ കപ്പലുകളാണ്. തീരദേശ ഗതാഗതത്തിന്ന് ഉപയോഗിക്കുന്ന കപ്പലുകൾക്കുപോലും 11 മീറ്റർ ആഴം വേണം.

അപ്പോൾ ഈ സേതുസമുദ്രം കപ്പൽചാൽകൊണ്ട് ആർക്കെന്തു പ്രയോജനമാണുണ്ടാവുക? നികുതി ദാതാക്കളുടെ പണം കടലിൽ കലക്കലാണിത്. സാമ്പത്തികമായി ഈ സേതു സമുദ്രം പദ്ധതി ഒരു വെള്ളാനയായിത്തീരും. അതിന്നപ്പുറം പാരിസ്ഥിതികമായി ഇതു അത്യന്തം വിനാശകരവുമായി ഭവിക്കും. ഇന്ത്യാ ചരിത്രത്തിലെ ധനദുർവിനിയോഗത്തിന്റെ മികച്ച ഉദാഹരണമാണിത്. ❑

# അയിത്ത മതിൽ



ഉത്തപുരം ഗ്രാമത്തിലെ അയിത്തമതിൽ

തമിഴുനാട്ടിലെ മധുരാ ജില്ലയിൽപെട്ട ഉത്തപുരം ഗ്രാമത്തിൽ അയിത്തക്കാരുടെ ശല്യം ഒഴിവാക്കാനായി സവർണർ ഒരു പടുകൂറ്റൻ മതിൽ പണിതുയർത്തി. അതിന്നും പുറമെ മതിലിന്നു മീതെ കമ്പി വലിച്ച വൈദ്യുതി പ്രവഹിപ്പിക്കുകയും ചെയ്തു.

നിയമസഭയിൽ ഇത് ഒച്ചപ്പാടിന്ന് ഇടയാക്കിയതിനെത്തുടർന്ന് അധികൃതർ മതിലിന്മേലേക്കുള്ള വൈദ്യുതി കണക്ഷൻ വേർപെടുത്തി.

ഡെപ്യൂട്ടി കലക്ടർ, റവന്യൂ ഇൻസ്പെക്ടർ, താസിൽദാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർ ഗ്രാമം സന്ദർശിക്കുകയും ഒരു സമാധാന സമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്തു. ദളിതുകൾ സമ്മേളനത്തിനെത്തിയെങ്കിലും സവർണാരാരും സമ്മേളനത്തിനെത്തിയില്ല.

ഉത്തരപുരത്തെ പല റോഡുകളിലും ദളിതുകൾക്ക് പ്രവേശനമില്ല. ഇവിടത്തെ ജാതിസ്പർദ്ധക്ക് പഴക്കമേറെയുണ്ട്. 1990 ൽ ഉണ്ടായ ഒരു വഴക്കിനെത്തുടൻന്നാണ് സവർണർ ഈ മതിൽ പടുത്തുയർത്തിയത്. സവർണർ നടത്തുന്ന ചായക്കടയിൽ അവർണർക്ക് ചായകിട്ടില്ല.

# സത്താറയിലും

മഹാരാഷ്ട്രത്തിൽപെട്ട സത്താറയിൽ ഇക്കൊല്ലത്തെ അംബേദ്കർ ദിനാചരണം ആകെ അലങ്കോലമായി. അവിടെ ദളിതുകളെ അകറ്റി നിർത്താനായി സവർണർ നിർമ്മിച്ചുവരുന്ന മതിലാണ് തർക്കവിഷയമായത്. ദളിതുകളായ മൂന്നുപേർ ശരീരത്തിൽ മണ്ണെണ്ണയൊഴിച്ച് തീ കൊളുത്താൻ ശ്രമിച്ചു.

# കോടതിയിൽ ഒരു ദിവസം

**- മാജ ദാരുവാല -**

ഇന്ന് അതിവേഗകോടതിയിലാണ്. കേസ് എങ്ങുമെത്തിയിട്ടില്ല. കൊല്ലം അഞ്ചായെങ്കിലും ഇനിയും കുറ്റപത്രം തയ്യാറാക്കിയിട്ടില്ല. ഇന്ന് കേസ്ഷീറ്റിൽ മൂന്നാമത്തേതാണ്. എല്ലാവരും തയ്യാറായി നിൽക്കുന്നു. ജഡ്ജി വളരെ വൈകി വരുന്നവനാണെന്ന് എല്ലാവർക്കും അറിയാം. ഉച്ചക്കുമുമ്പ് എത്തിയ ചരിത്രമില്ല. വെറുതെ സമയം പാഴാക്കുന്നതിനെ ചോദ്യം ചെയ്യാൻ ആരും ധൈര്യപ്പെടാറില്ല. എല്ലാവരും ഇരുന്നു വിയർത്തു; പരസ്പരം പിറുപിറുത്തു.

ഒടുവിൽ ജഡ്ജിയെത്തി. പക്ഷെ പ്രോസിക്യൂട്ടറെ കാണാനില്ല; പ്രതിഭാഗം വക്കീലുമില്ല. പ്രതികൾ മണിക്കൂറുകളായി കാത്തുനിൽപാണ്. അവർ അവരുടെ വക്കീലിനെ തിരയുന്നു. സാക്ഷികളുണ്ട്. അവരും പേടിച്ചുനിൽപാണ്. വിചാരണ കഴിയുന്നതുവരെ അവിടെ നിൽക്കണം. ഒരു ദിവസത്തെ പണി പോയി പക്ഷെ അതാർക്കും പ്രശ്നമല്ല.

ആളില്ലാത്തതിനാൽ രണ്ടാമത്തെ കേസ് വിളിച്ചു. അതൊരു കൊലപാതകക്കേസാണ്. അഞ്ചു സാക്ഷികളെ വിസ്തരിക്കണം. രണ്ടു ഡോക്ടർമാരും മൂന്നു പോലീസുകാരും. ഡോക്ടർമാർ എത്തിയിട്ടില്ല. പോലീസുകാരുണ്ട്. ഡോക്ടർമാർക്ക് സമൺസ് അയച്ചില്ലേ എന്ന് ജഡ്ജി ചോദിക്കുന്നു. ഉവ്വെന്ന് പോലീസുകാർ. പക്ഷെ ഇന്നുരാവിലെ എന്ന് വിശദീകരണം. ഒരു ഡോക്ടർ 100 കിലോമീറ്റർ ദൂരെയുള്ള പട്ടണത്തിൽനിന്ന് വരേണ്ട ആളാണ്; മറ്റേയാൾ 75 കിലോമീറ്റർ അകലെയുള്ള ഗ്രാമത്തിലാണ് താമസം. പത്തു ദിവസം മുമ്പ് സമൺസയച്ചതാണ്. ജഡ്ജിക്ക് ശുണ്ഠിവന്നു. ഈ പത്തുദിവസം എന്തുചെയ്യുകയായിരുന്നുവെന്ന് അദ്ദേഹം ചോദിക്കുന്നു. അടിമുതൽ മുടിവരെ എല്ലാവരും മടിയന്മാരാണെന്ന് ജഡ്ജി. ഈ അഴിമതിക്കാർ ഒരിക്കലും നന്നാവില്ലെന്ന് കമന്റ്. കോടതിയിലുള്ളവരെല്ലാം ചിരിക്കുന്നു. എല്ലാവർക്കും സന്തോഷമായി. തങ്ങൾക്കു പറയാൻ വയ്യാത്തത് ജഡ്ജിതന്നെ പറഞ്ഞുവല്ലോ എന്നു സമാധാനം. പോലീസുകാർക്ക് കൂസലില്ല. ഇതൊക്കെ എത്ര കേട്ടതാണെന്ന ഭാവം. അല്ലെങ്കിലും കോടതിക്കൊന്നും ചെയ്യാനാവില്ലെന്ന ധൈര്യവുമുണ്ട്.

ജഡ്ജിതന്നെ വിചാരണയാരംഭിച്ചു. പ്രതികൾ ഒന്നിളകിനിന്നു. പക്ഷെ പ്രോസിക്യൂട്ടറെ കാണാനില്ല. പല തവണ അദ്ദേഹത്തിന്റെ പേരു വിളിച്ചു. എല്ലാം നിഷ്ഫലം. തന്മൂലം ജഡ്ജിതന്നെ വിചാരണയാരംഭിക്കുന്നു. പ്രതിഭാഗം എതിർവിസ്താരം നടത്തി. മരണമൊഴിയാണ് കേസിന്നാധാരം. പ്രോസിക്യൂഷന്റെ ഏറ്റവും കനത്ത തെളിവാണത്. പക്ഷെ റിക്കാർട്ടനുസരിച്ച് ആൾ മരിച്ച് ഒരു മണിക്കൂർ കഴിഞ്ഞശേഷമാണ് മരണമൊഴി രേഖപ്പെടുത്തിയിരിക്കുന്നത്. മൃതദേഹം പോസ്റ്റ്മോർട്ടത്തിന്നയച്ചശേഷമാണിത്. മരിച്ച ആളുടെ പ്രസ്താവന രേഖപ്പെടുത്തിയശേഷമാണ് പഞ്ചനാമം തയ്യാറാക്കിയിരിക്കുന്നത്.

പ്രതിഭാഗം വക്കീൽ പോലീസി

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-5-2008

നോട് ഇതിന്ന് വിശദീകരണം ചോദിക്കുന്നു. പോലീസുകാർ ബൊമ്മ പോലെ നിൽപാണ്. പ്രതിഭാഗം തുടർന്നു. അറസ്റ്റ് നടക്കുമ്പോൾ പ്രതികളിലൊരാളുടെ കാൽ ഒടിഞ്ഞിരുന്നുവെന്നും അയാൾ താങ്ങുകാലിന്റെ സഹായത്തോടെയാണ് നടന്നിരുന്നത് എന്ന് ഓർമ്മയുണ്ടോ എന്നും വക്കീൽ ചോദിച്ചു. പോലീസുകാർക്ക് സമാധാനമൊന്നും പറയാനുണ്ടായിരുന്നില്ല.

പോലീസിന്റെ അന്വേഷണത്തിലെ പിഴകൾ ഒന്നൊന്നായി വക്കീൽ ചൂണ്ടിക്കാണിച്ചു തുടങ്ങിയപ്പോൾ ജഡ്ജി ഇടപെട്ടു. സീനിയർ ഉദ്യോഗസ്ഥന്മാരാരും ഇത് പരിശോധിച്ചിട്ടില്ലേ എന്ന് ജഡ്ജി ആരാഞ്ഞു. കേസ് ഡയറി ഡെപ്യൂട്ടി സുപ്രണ്ട് പരിശോധിച്ചിട്ടില്ലെ എന്ന ചോദ്യത്തിന്നും മറുപടിയില്ലായിരുന്നു. നിങ്ങളൊന്നും നിങ്ങളുടെ ജോലി ഗൗരവത്തിലെടുക്കുന്നില്ല. വിധിവരുമ്പോൾ ക്രിമിനലുകളെ കോടതി വെറുതെ വിട്ടുവെന്നു പരാതി പറയുകയും ചെയ്യും എന്ന് ജഡ്ജിയുടെ പരിഭവം.

ലഞ്ചിനുശേഷം മൂന്നുമണിക്ക് കോടതി പുനരാരംഭിച്ചപ്പോഴേക്കും ഡോക്ടർമാർ ഓടിപ്പിടഞ്ഞെത്തി. അപ്പോഴും പബ്ലിക് പ്രോസിക്യൂട്ടർ എത്തിയില്ല. പല തവണ അദ്ദേഹത്തെ അന്വേഷിച്ചിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ജഡ്ജിതന്നെ സാക്ഷികളെ ചോദ്യം ചെയ്തു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെ പ്രതിഭാഗം എതിർവിസ്താരം നടത്തി. ഒരു ചോദ്യത്തിനും വ്യക്തമായ ഒരു ഉത്തരം നൽകാൻ ഡോക്ടർക്കു കഴിഞ്ഞില്ല. ജഡ്ജിക്ക് വീണ്ടും ശുണ്ഠിവന്നു. ചോദ്യത്തിനൊന്നും ഉത്തരം നൽകാൻ ഡോക്ടർക്കാവില്ലെങ്കിൽ ആ ഡോക്ടറുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്ന് വില കൽപിക്കാനാവില്ലെന്ന് ജഡ്ജി വിധിച്ചു. നിങ്ങൾ വൈദ്യം പഠിച്ചിട്ടുണ്ടോ? നിങ്ങൾക്കൊരു ഡിഗ്രിയുണ്ടോ? നിങ്ങൾ രജിസ്റ്റർ ചെയ്ത ഒരു ഡോക്ടറാണോ? – ജഡ്ജിയുടെ ചോദ്യത്തിനൊന്നും ഡോക്ടർ മറുപടി പറഞ്ഞില്ല. അങ്ങനെ എതിർവിസ്താരം അവസാനിച്ചു.

ഒടുവിൽ ഞങ്ങളുടെ കേസ് വിളിച്ചു. പക്ഷെ ഞങ്ങളുടെ വക്കീൽ വല്ലതും കാട്ടിക്കൂട്ടാൻ തയ്യാറുണ്ടായിരുന്നില്ല. തനിക്ക് വാദമുഖങ്ങൾ അവതരിപ്പിക്കാൻ ഒരു ദിവസം മുഴുവൻ കിട്ടണമെന്നും, അതിനാൽ പത്തുദിവസം കഴിഞ്ഞൊരു തിയ്യതിക്ക് കേസ് നീട്ടണമെന്നും അദ്ദേഹം വാദിച്ചു. തുടർച്ചയായി വാദം കേൾക്കേണ്ട ഒരു കേസാണതെന്ന് ജഡ്ജിക്കറിയാം. പക്ഷെ അന്ന് കോടതിസമയം തീരാറായിരുന്നു. വാദം തുടങ്ങിവയ്ക്കാൻപോലും സമയമില്ലായിരുന്നു. അതിനാൽ ഒമ്പതു ദിവസത്തിന്നു ശേഷം കേസെടുക്കാൻ നീട്ടിവച്ചു. അങ്ങനെ നീതിന്യായത്തിന്റെ കൊട്ടാരത്തിൽ ഒരു ദിവസംകൂടി കഴിഞ്ഞു.

(മാജ ദാരുവാല കോമൺവെൽത്ത് ഹ്യൂമൺറൈറ്റ്സ് ഇനീഷേറ്റീവിന്റെ ഡയറക്ടറാണ്) ❏

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.